മാതൃഭൂമി

W

പുസ്തകം 62 THE NATIONAL DAILY IN MALAYALAM, PUBLISHED FROM CALICUT, COCHIN AND TRIVANDRUM വില 70 പൈസ

ലക്കം 227 Calicut, Wednesday, November 7, 1984—കോഴിക്കോട് 1984 നവംബർ 7 ബുധൻ പേജ് 8+4 പേജ് വാരാന്തപ്പതിപ്പ്



IS : 3854
പുതിയ ഉല്പന്നങ്ങൾ
ANCHOR
ELECTRICAL GOODS
ISI
അടയാള സഹിതം
IS : 1293
IS : 1293
IS : 3854
Super Age

fischer
ഹവായ് ചെരിപ്പുകൾ
JOSCO RUBBERS
CALICUT-1

സൗദി വിമാനം റാഞ്ചി

ടെഹറാൻ: ലണ്ടനിൽ നിന്ന് റിയാദിലേക്ക് പറക്കുകയായിരുന്ന ഒരു സൗദി വിമാനം ചൊവ്വാഴ്ച പുലർച്ചെ തട്ടിക്കൊണ്ടു പോയി ടെഹ്റാനിൽ ഇറക്കി. എന്നാൽ, ഇറാൻ കമാണ്ടോകൾ റാഞ്ചികളെ അറസ്റ്റ് ചെയ്യുകയും വിമാനത്തിലുണ്ടായിരുന്ന 131 പേരെയും മോചിപ്പിക്കുകയും ചെയ്തുവെന്ന് ഇറാൻ വാർത്താ ഏജൻസി, ഇർന അറിയിച്ചു.

ജിദ്ദക്കും റിയാദിനും ഇടക്കു വെച്ചാണ് ഈ ട്രൈസ്റ്റാർ ജററ് വിമാനം തട്ടിക്കൊണ്ടു പോയത്. വിമാനത്തിൽ 117 യാത്രക്കാരും 14 ജോലിക്കാരുമുണ്ടായിരുന്നു. വിമാനം റാഞ്ചിയ വിവരമറിഞ്ഞ ഉടനെ ഇറാനിലെ എല്ലാ താവളങ്ങളും അടക്കുകയുണ്ടായി. എന്നാൽ ഇന്ധനം കഴിഞ്ഞുവെന്നും വിമാനം തകർന്നു വീഴുമെന്നും പൈലററ് അറിയിച്ചതിനെ തുടർന്ന് വിമാനത്തിന്നു ഇറങ്ങാൻ അനുമതി നൽകുകയാണുണ്ടായത്.

ദൽഹി പൊലീസിൽ അഴിച്ചുപണി

സ്വന്തം ലേഖകൻ

ന്യൂദൽഹി: ദൽഹി പൊലീസ് സംവിധാനത്തിൽ കാര്യമായ മാററങ്ങൾ വരുത്തിയിരിക്കുന്നു.

ലഫ്ററനൻറ് ഗവർണർ എം.കെ.കെ. വാലി രണ്ട് സീനിയർ പൊലീസ് ഉദ്യോഗസ്ഥന്മാരെ സസ്പെൻറ് ചെയ്തതിനു പുറമെ, തലസ്ഥാനത്ത് വി.ഐ.പി. സെക്യൂരിററിയുടെ ചാർജ്ജ് വഹിച്ചിരുന്ന ഉദ്യോഗസ്ഥനെ അദ്ദേഹം വന്ന സ്റ്റേററിലേക്ക് തന്നെ തിരിച്ചയച്ചു.

സസ്പെൻഷനിലായ ഉദ്യോഗസ്ഥർക്കായിരുന്നു പ്രധാനമന്ത്രിയുടെ സംരക്ഷണത്തിൻെറ എല്ലാ ഉത്തരവാദിത്വവും. പ്രധാനമന്ത്രിയുടെ വസതിയിൽ സെക്യൂരിററി ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കലും നിയോഗിക്കലുമെല്ലാം അവരുടെ ചുമതലയായിരുന്നു. സെക്യൂരിററി നടപടിയിൽ വന്ന വീഴ്ചയാണ് ഇന്ദിരാഗാന്ധിയുടെ വധത്തിനു മുഖ്യ കാരണമെന്ന നിലയിൽ സസ്പെൻഷനിലായ ഉദ്യോഗസ്ഥർ അന്വേഷണ കമ്മീഷനെ അഭിമുഖീകരിക്കേണ്ടി വരും.

ജി.ആർ. ഗുപ്തയും ഡി.സി. ഗുലിയയുമാണ് സസ്പൻഷനിലായ ഉദ്യോഗസ്ഥന്മാർ.

പൊലീസ് സെക്യൂരിററിയിൽ അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണറായിരുന്ന എൻ.ഡി. പിള്ളയെ, ആഭ്യന്തരമന്ത്രി കാര്യാലയത്തിലേക്ക് സ്ഥലം മാററിയിട്ടുണ്ട്.

ചിതാഭസ്മത്തിന്ന് അന്ത്യപ്രണാമം

വീ പ്രഭാകരൻ

തിരുവനന്തപുരം: നിത്യസ്മരണയായി മാറിയ പ്രിയദർശിനിയുടെ ചിതാഭസ്മ പേടകവുമായി പാലക്കാടൻ ചുരം കടന്നെത്തിയ തീവണ്ടി, മഞ്ഞുപെയ്യുന്ന പുലരിയും, ഉച്ചവെയിലും, ത്രിസന്ധ്യയും പിന്നിട്ട് ഒരു ദിവസത്തിൻെറ അന്ത്യവേളയിൽ തിരുവനന്തപുരത്ത് എത്തുന്നതുവരെ പാതയോരത്ത് ഓടിക്കൂടിയ ജനലക്ഷങ്ങൾ കണ്ണുനീരും പൂക്കളും കൊണ്ട് അർച്ചന നടത്തി.



ഇന്ദിരാജിയുടെ ചിതാഭസ്മം മുഖ്യമന്ത്രി കരുണാകരൻ പാലക്കാട് റെയിൽവേ സ്റ്റേഷനിൽവെച്ചു കേന്ദ്രമന്ത്രി എ. എ. റഹിമിൽനിന്നു ഏററുവാങ്ങുന്നു. കെ. പി. സി. സി. പ്രസിഡണ്ട് പത്മരാജൻ, സെക്രട്ടറി രാമചന്ദ്രൻമാസ്റ്റർ, മന്ത്രി ഗംഗാധരൻ, മന്ത്രി വയലാർരവി എന്നിവരേയുംകാണാം.

ഇന്ദിരയുടെ ഛായാപടവും ചാർത്തി, ഓടിയ തീവണ്ടി പ്രധാന കേന്ദ്രങ്ങളിലെല്ലാം നിറുത്തിയപ്പോഴും തലയിലേററിയ ചിതാഭസ്മകലശവുമായി മുഖ്യമന്ത്രി കരുണാകരൻ പുറത്തിറങ്ങി. പ്രത്യേകം തയ്യാറാക്കിയ മണ്ഡപത്തിൽ പ്രതിഷ്ഠിച്ച പേടകത്തിന് വിസ്മൃതിയിലാണ്ടു പോയ സ്വാതന്ത്ര്യപ്പോരാളികൾ മുതൽ ഇന്ദിരയെക്കുറിച്ചുള്ള തുടിക്കുന്ന ഓർമ്മകളുമായി ഓടിവന്ന കുട്ടികൾവരെ അന്ത്യപ്രണാമം നേർന്നു.

എല്ലാം ഇട്ടെറിഞ്ഞു ഗ്രാമങ്ങളിൽ നിന്നെത്തിയവരും, ഇന്ദിരയുമായി സൗഹൃദം പങ്കുവെച്ചവരും, തൊഴിലാളികളും, വിദ്യാർത്ഥികളും വനിതകളും പ്രിയദർശിനി ഒരു പിടി ചാരമായി മുന്നിലെത്തിയപ്പോൾ നിയന്ത്രണം വിട്ടു തേങ്ങി.

പാലക്കാട്ട്

ചൊവ്വാഴ്ച കാലത്ത് പാലക്കാട്ട് ജങ്ഷൻ സ്റ്റേഷനിലെത്തിയ ചിതാഭസ്മപേടകം കണ്ട് അന്തിമപ്രണാമങ്ങൾഅർപ്പിക്കാൻ ആയിരക്കണക്കിൽ ആളുകൾ എത്തിച്ചേർന്നിരുന്നു. ഘനീഭവിച്ച ദുഃഖം പോലെ കാണപ്പെട്ട മുഖ്യമന്ത്രി കരുണാകരൻ അവിടെ വെച്ചു ചിതാഭസ്മപേടകം ഏററുവാങ്ങി. കേന്ദ്രമന്ത്രി എ. എ. റഹീം, ആഭ്യന്തരമന്ത്രി വയലാർ രവി, എ. ഐ. സി. സി. ജനറൽ സെക്രട്ടറി എ. കെ. ആൻറണി, ജോയൻറ് സെക്രട്ടറി വാസുദേവ പണിക്കർ, മുൻമന്ത്രി കെ. ശങ്കരനാരായണൻ എന്നിവർ ചേർന്നാണ് ദേശീയപതാക കൊണ്ടു മൂടിയ കലശം വണ്ടിയിൽ നിന്ന് മുഖ്യമന്ത്രിയെ ഏല്പിച്ചത്.

ഇരുകൈകൊണ്ടും ചിതാഭസ്മകലശം ഉയർത്തിപ്പിടിച്ചുകൊണ്ട് മുഖ്യമന്ത്രി വണ്ടിയിൽ നിന്നിറങ്ങുമ്പോഴേക്കും ജനങ്ങൾ ഇന്ദിരാഗാന്ധി അമർ രഹെ മുദ്രാവാക്യം ഉയർത്തിക്കഴിഞ്ഞിരുന്നു. സ്റ്റേഷനു പുറത്ത്പ്രത്യേകം തയ്യാറാക്കിയ വേദിയിൽ അരമണിക്കൂർ പൊതുദർശനത്തിനു വെച്ചതിനു ശേഷമാണ് പിന്നെ വണ്ടി നീങ്ങിയത്.

തീവണ്ടിയിൽ അഞ്ച് കമ്പാർട്ടുമെണ്ടുകൾ ഉണ്ടായിരുന്നു. ചിതാഭസ്മകലശം സൂക്ഷിച്ചിരുന്ന മുറിയിൽ തന്നെയാണ് മുഖ്യമന്ത്രിയും മററു മന്ത്രിമാരും തിരുവനന്തപുരത്തേക്കു തിരിച്ചത്. അഞ്ച് കമ്പാർട്ടുമെൻറുണ്ടായിരുന്നിട്ടും വണ്ടിയിൽ ഭസ്മകലശത്തോടൊപ്പം യാത്ര ചെയ്യാൻ വാർത്താലേഖകർക്കു പ്രത്യേക സൌകര്യമൊന്നും ഏർപ്പെടുത്തിയിരുന്നില്ല. അഞ്ചിൽ നാലു കമ്പാർട്ടുമെൻറും പൊലീസ് കയ്യടക്കി. ഒഴിച്ചുള്ള കമ്പാർട്ട്മെൻറിൽ കയറാൻ ചെന്ന പത്രലേഖകരെ പൊലീസ് ഉദ്യോഗസ്ഥന്മാർ തടഞ്ഞു. ഒടുവിൽ മുഖ്യമന്ത്രിയുടെ കൂടെ ഞെരുങ്ങിയാണ് വാർത്താലേഖകർ യാത്ര ചെയ്തത്. അതേ സമയം പ്രാദേശിക നേതാക്കൾ പോലും കമ്പാർട്ടുമെൻറുകളിൽ തിക്കിക്കയറുന്നുണ്ടായിരുന്നു. അതൊരുദ്യോഗസ്ഥനും തടഞ്ഞില്ല.

ചിതാഭസ്മ കലശം ഒററപ്പാലത്തും പൊതുദർശനത്തിനു വെക്കുകയുണ്ടായി

ശേഷം 5-ാംപേജ് 7-ാം കോളം



ഇന്ദിരാജിയുടെ ചിതാഭസ്മം നിറച്ച കുംഭം മുഖ്യമന്ത്രി കരുണാകരൻ പാലക്കാട് റയിൽവേ സ്റ്റേഷനിൽ നിന്ന് പൊതുദർശനത്തിന്നു വെയ്ക്കാൻ പുറത്തേയ്ക്ക് കൊണ്ടുവരുന്നു

ലഹള: ആരോപണം പരിശോധിക്കും

ന്യൂദൽഹി: ഇവിടെ പൊട്ടിപ്പുറപ്പെട്ട ലഹളയിൽ ദൽഹിക്കാരനായ ഒരു കോൺഗ്രസ്—ഐ എം. പി.ക്ക് പങ്കുണ്ടെന്ന പ്രതിപക്ഷാരോപണം പരിശോധിക്കാമെന്ന് പ്രധാനമന്ത്രി രാജീവ്ഗാന്ധി ഉറപ്പ് നൽകിയതായി ഡി. എം. കെ. പി. ജന. സെക്രട്ടറി എസ്. പി. മാളവ്യ അറിയിച്ചു.

ആരോപണത്തിൽ സത്യമൊന്നുമില്ലെന്നാണ് അധികൃതർ അറിയിച്ചതെന്ന് തന്നെ വന്നു കണ്ട പ്രതിപക്ഷ നേതാക്കളോടു പ്രധാനമന്ത്രി പറഞ്ഞു. എങ്കിലും സംഗതി പരിശോധിക്കാമെന്നു അദ്ദേഹം ഉറപ്പു കൊടുത്തിട്ടുണ്ട്.

അതിനിടക്ക്, ചണ്ഡിഗഢിൽ നിന്ന് എത്തിയ എസ്. ജി. പി.സി. ആക്ടിംഗ് പ്രസിഡണ്ട് രാജീന്ദർ സിങ്ങ് ധാലിവാളിനെയും രണ്ടു അകാലി നേതാക്കളെയും ദൽഹിയിൽ കടക്കാൻ അധികൃതർ അനുവദിച്ചില്ല. വിമാനത്താവളത്തിൽ വെച്ച് തന്നെ ഇവർക്കു തിരിച്ചു പോകേണ്ടി വന്നു.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കാണ് തങ്ങൾ വന്നതെന്ന് നേതാക്കൾ പറഞ്ഞെങ്കിലും പൊലീസധികൃതർ അതു ചെവിക്കൊണ്ടില്ല. അവരുടെ സാന്നിദ്ധ്യം സ്ഥിതി കൂടുതൽ വഷളാക്കുമെന്നായിരുന്നു പൊലീസിൻെറ മറുപടി.

പത്രക്കടലാസ്സിൻെറ വില കൂട്ടി

ന്യൂദൽഹി: ഇറക്കുമതി ചെയ്യുന്ന ന്യൂസ്പ്രിൻറ് മെട്രിക് ടണ്ണിനു 210 ക.വരെ വില കൂട്ടിയിരിക്കുന്നു. 1984 ഒക്ടോബർ—ഡിസംബർ കാലത്തേക്കുള്ള വിഹിതത്തിനാണ് ഈ വില വർദ്ധന.

തെരഞ്ഞെടുപ്പ് വൈകില്ല

വി. കെ. മാധവൻകുട്ടി

ന്യൂദൽഹി: പുതിയ പ്രധാനമന്ത്രി രാജീവ്ഗാന്ധി അടുത്ത പൊതുതിരഞ്ഞെടുപ്പ് നീട്ടിവെക്കുന്നതിനോ, വൈകിക്കുന്നതിനോ അനുകൂലമല്ലെന്നറിയുന്നു. നേരത്തെ ദിവംഗതയായ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ആഗ്രഹിച്ചപോലെ ജനവരി ആദ്യംതന്നെ തിരഞ്ഞെടുപ്പ് നടത്തണമെന്നത്രേ രാജീവ്ഗാന്ധിയുടെ അഭിപ്രായം.

ജനവരി ആദ്യവാരത്തിൽ തിരഞ്ഞെടുപ്പ് നടത്തണമെന്നു തന്നെയാണ് ഇപ്പോഴത്തെ ചിന്താഗതി. ജനവരി 4, 5, 6 തീയതികളാണ് ആലോചനയിൽ. ചില സ്റ്റേററുകളിൽ ഒരു ദിവസത്തെ പോളിങ്ങും, മററു ചിലയിടങ്ങളിൽ രണ്ടു ദിവസത്തെ പോളിങ്ങും ആയിരിക്കും ഉണ്ടാവുക.

തിങ്കളാഴ്ച പാർട്ടിയിലെ സീനിയർ മെമ്പർമാരോടും മററും സംസാരിക്കാൻ കുറച്ചു സമയം കിട്ടിയപ്പോൾ പ്രധാനമന്ത്രി രാജീവ്ഗാന്ധി ആദ്യം എടുത്തിട്ട വിഷയം തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ളതായിരുന്നു. അവർ തുടങ്ങിവെച്ച പ്രവർത്തി തുടരുവാനും സമയപരിപാടി വെച്ച് മുന്നോട്ടു പോയിക്കൊള്ളാനും അദ്ദേഹം നിർദ്ദേശിച്ചതായി മനസ്സിലായി.

നേരത്തെ നിശ്ചയിച്ചപോലെ തെരഞ്ഞെടുപ്പു നടത്തുന്നത് തൻെറ ഗവർമ്മേണ്ടിൻേറയും, പാർട്ടിയുടേയും ഇമേജിൽ ജനങ്ങൾക്കുള്ള വിശ്വാസം വർദ്ധിപ്പിക്കാൻ സഹായിക്കുമെന്നാണ് കണക്കുകൂട്ടൽ. പിന്നെ ഇന്ദിരാഗാന്ധിയുടെ അഭിലാഷമനുസരിച്ചു പ്രവർത്തിച്ചു എന്ന സംതൃപ്തിയുടെ നേട്ടവും. എത്രതന്നെ വിഷമങ്ങളുണ്ടായാലും, തെരഞ്ഞെടുപ്പ് നീട്ടിവെച്ചാൽ അതു ദുർവ്യാഖ്യാനങ്ങൾക്കു ഇടനൽകുമെന്നു പ്രധാനമന്ത്രി രാജീവിനു എല്ലാവരേക്കാളും കൂടുതൽ അറിയാം. തൻെറ രാഷ്ട്രീയ പ്രതിയോഗികൾ അതു തനിക്കെതിരായി ഉപയോഗിക്കും. പ്രതിപക്ഷ പാർട്ടികളും അത്തരം ഒരു അവസരം കാത്തിരിക്കുകയാണ്. ആ വലയിൽ ചെന്നുചാടരുത് എന്നു രാജീവിനും അദ്ദേഹത്തിൻെറ ഭാവിയിൽ താല്പര്യമുള്ള എല്ലാവർക്കും അഭിപ്രായമുണ്ട്.

ഈ സമയത്തു തെരഞ്ഞെടുപ്പ് നടത്തിയാൽ ഇന്ദിരാഗാന്ധിയോടുള്ള സഹതാപവും അനുഭാവവും തികച്ചും കോൺഗ്രസ്സ്പാർട്ടിക്കു കിട്ടും എന്നതിനേക്കാൾ രാജീവ്ഗാന്ധിയോടുള്ള ശുഭപ്രതീക്ഷകൾ ജനങ്ങൾ വോട്ടിലൂടെ കാണിക്കും എന്ന വിശ്വാസവുമുണ്ട്. പരക്കെ പുതിയ പ്രധാനമന്ത്രിയെക്കുറിച്ചു നല്ല പ്രതീക്ഷകളാണുള്ളത്. അദ്ദേഹത്തിനു ഒരു അവസരം കൊടുത്തു ആ കൈകൾ കരുത്തുള്ളതാക്കണം എന്നും ഉണ്ട്. ഇതു കാരണം തെരഞ്ഞെടുപ്പ് നടത്തുകയാണ് വേണ്ടത് എന്നു തന്നെയാണ് ഉറച്ച അഭിപ്രായം. ധീരമായി വർഗീയ കലാപം നേരിട്ട രീതിയുടെ ഗുണവും പ്രധാനമന്ത്രിക്കു കിട്ടും എന്ന അഭിപ്രായവും ഉണ്ട്.

ഇന്ദിരാഗാന്ധിയുടെ വധത്തിനുശേഷം, തെരഞ്ഞെടുപ്പു കുറച്ചു നീട്ടിക്കൊണ്ടുപോകണമോ എന്നൊക്കെ ചില ആലോചനകൾ ആദ്യം ഉണ്ടായിരുന്നു. ചിലരുടെ അഭിപ്രായത്തിൽ തൽക്കാലം കലാപങ്ങൾ നേരിടാനായി അടിയന്തരാവസ്ഥ പ്രഖ്യാപിക്കണമെന്നും കൂടി ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ തെരഞ്ഞെടുപ്പു നടത്തണം എന്ന നിഗമനത്തിലാണ് എത്തിയിരിക്കുന്നത്.

രക്ഷാസംവിധാനത്തിൽവീഴ്ച

പ്രത്യേക ലേഖകൻ

ന്യൂദൽഹി: മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ സെക്യൂരിററി ഗാർഡുകളുടെ തെരഞ്ഞെടുപ്പും പരിശീലനവും തൊട്ട്, അവരുടെ നേരെ എന്തെങ്കിലും തരത്തിലുള്ള കയ്യേററം ഉണ്ടാവുകയാണെങ്കിൽ അപ്പോൾ കൈക്കൊള്ളേണ്ട നടപടികൾ വരെയുള്ള മിക്ക നടപടികളിലും ഗുരുതരമായ വീഴ്ചകൾ ഉണ്ടായിരുന്നതായി അറിവായി. ദിവസങ്ങൾ കഴിയുംതോറും ഈ വീഴ്ചകളുടെ ഞെട്ടിപ്പിക്കുന്ന വിശദാംശങ്ങളാണ് പുറത്തുവരുന്നതു്.

ദൽഹി ആംഡ് പൊലീസിലെ രണ്ടാം ബററാലിയനിൽപ്പെട്ട ഏററവും സീനിയറായ നോൺ ഗസററഡ് ഓഫീസറും ഇന്ദിരാഗാന്ധിയുടെ കൊലയാളികളിൽ ഒരാളുമായ സത്വന്ത്സിംഗിൻെറ മേലുദ്യോഗസ്ഥനുമായ ഇൻസ്പെക്ടർ യോഗേന്ദർമണി, പ്രധാനമന്ത്രിയുടെ വസതിയിൽ കാവൽ ജോലിക്ക് പററാത്ത ആളാണ് സത്വന്ത്സിംഗ് എന്ന് ബററാലിയൻെറ ഡെപ്യൂട്ടി കമ്മീഷണർ ആർ. കെ. ശർമ്മക്ക് കൊലപാതകത്തിനു വളരെ മുമ്പു തന്നെ എഴുതിയിരുന്നതായി ഇപ്പോൾ അറിവായി.

എന്നാൽ അത്ഭുതമെന്നേ പറയേണ്ടു, ശർമ്മ ഇക്കാര്യത്തിൽ നടപടികളൊന്നുമെടുത്തില്ല. അദ്ദേഹം ഇൻസ്പെക്ടറുടെ റിപ്പോർട്ട് ഫയലിൽ വെക്കുക മാത്രം ചെയ്തു (1979—ൽ സന്ദർ കേസ്സിൽ പി. എസ്. ഭിന്ദർ, ഗുർചരൺസിംഗ് എന്നിവരോടൊപ്പം കൊലപാതകം, ഗൂഢാലോചന കുററകൃത്യങ്ങളിൽ നിന്ന് മോചിതനായി വിട്ടയക്കപ്പെട്ട ആളാണ് ശർമ്മ)

സുവർണ്ണക്ഷേത്രത്തിലെ പട്ടാള നടപടിയെ തുടർന്ന് പ്രധാനമന്ത്രിയുടെ കൊലപാതികളിൽ രണ്ടാമനായ സബ്ബ് ഇൻസ്പെക്ടർ ബിയാന്ത് സിംഗ് വളരെ ക്ഷുഭിതനായിരുന്നുവെന്നു അദ്ദേഹം താമസിച്ചിരുന്ന അശോകാ സെക്യൂരിററി പൊലീസ് ലൈനുകളിൽ നടത്തിയ അന്വേഷണം കാണിക്കുന്നു. പ്രധാനമന്ത്രി ശരിയായ രീതിയിലല്ല പ്രവർത്തിച്ചതെന്ന് ബിയാന്ത്സിംഗും പൊലീസുകാർ തന്നെയായ തൻെറ പല അയൽക്കാരോടും പറഞ്ഞിരുന്നു. "ഇസ്കാ അൻജാം ബഹുത് ബുരാ ഹോഗാ:—(ഇതിൻെറ അനന്തര ഫലം വളരെ മോശമായിരിക്കും) എന്നും ബിയാന്ത് സിംഗ് തന്നോട് കുറെ ആഴ്ചകൾക്കു മുമ്പ് പറഞ്ഞതായി ഒരു പൊലീസുകാരൻ വെളിപ്പെടുത്തി.

സെക്യൂരിററി ഡ്യൂട്ടിയിൽ നിന്നും സിക്കുകാരെ ഒഴിവാക്കണമെന്ന് ദൽഹി പൊലീസ്, രഹസ്യാന്വേഷണ വിഭാഗങ്ങളും മുൻ പ്രധാനമന്ത്രിയെ ഉപദേശിച്ചിരുന്നു. എന്നാൽ പട്ടികജാതിക്കാരനായ ബിയാന്ത്സിംഗിനെ ഒഴിവാക്കാൻ ഇന്ദിരാഗാന്ധിക്ക് താല്പര്യമില്ലായിരുന്നു. അതു തെററിദ്ധാരണകൾക്കിട നൽകുമെന്നായിരുന്നു ഭീതി.

ഇന്ദിരാഗാന്ധിക്ക് 22 വെടിയുണ്ടകളേററിരുന്നു. എട്ട് വെടിയുണ്ടകൾ ദേഹം തുളച്ചു പുറത്തു പോയപ്പോൾ പതിനാലെണ്ണം, ഡോക്ടർമാർ ശസ്ത്രക്രിയയിലൂടെ പുറത്തെടുത്തു. ഉടലിൻെറ മുകൾ ഭാഗം മുഴുവനും, തുടകളിലും മുറിവേററിരുന്നു.

വീടും, ഓഫീസും തമ്മിൽ വേർതിരിക്കുന്ന ഗേററിന്നടുത്തെത്തിയപ്പോൾ സബ്ബ്ഇൻസ്പെക്ടർ ബിയാന്ത് സിംഗാണ് തൻെറ റിവോൾവർ കൊണ്ട് ഇന്ദിരയെ വെടി വെച്ചത്. തൊട്ടടുത്തു നിന്ന് തൻെറ തോക്കിലെ ആറുണ്ടകളും അയാൾ ഇന്ദിരയുടെ നേരെ പായിച്ചു. ഈ വെടിയുണ്ടകളെല്ലാം പിന്നീട് തിരിച്ചു കിട്ടി. അതിനുശേഷമാണ് സത്വന്ത്സിംഗ് മെഷീൻഗണ്ണുപയോഗിച്ച് വെടിവെച്ചതും. അയാളും തോക്കിലെ ഉണ്ട തീരുവോളം നിറയൊഴിച്ചു.

ഇന്ദിരാഗാന്ധിയുടെ പിറകിലുണ്ടായിരുന്ന ആരെയും വധിക്കാൻ തങ്ങൾക്ക് പരിപാടി ഇല്ലായിരുന്നുവെന്ന് സത്വന്ത്സിംഗ് പൊലീസിനോട് പറഞ്ഞതായാണ് റി

ശേഷം 7-ാം പേജ് 6-ാം കോളം

ഇന്ത്യയിലെ സ്ഥിതി അത്ര മോശമല്ല

നൈറോബി: മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ വധത്തിനു ശേഷമുള്ള ഇന്ത്യയിലെ നില, പത്ര റിപ്പോർട്ടുകളിൽ പെരുപ്പിച്ചു കാണിക്കുന്നതുപോലെ അത്രമോശമല്ലെന്ന് കെനിയയുടെ വൈസ് പ്രസിഡണ്ട് എംവായി കിബാക്കി പ്രസ്താവിച്ചിരിക്കുന്നു.

സ്ഥിതിഗതികൾ പുതിയ ഗവർമ്മേണ്ടിൻെറ പൂർണ്ണ നിയന്ത്രണത്തിലാണെന്ന് ഇന്ദിരാഗാന്ധിയുടെ ശവസംസ്കാരത്തിൽ പങ്കെടുത്ത ശേഷം ഇവിടെ തിരിച്ചെത്തിയ കിബാക്കി പത്രലേഖകരോട് പറഞ്ഞു.

ഇന്ത്യൻ ഗവർമ്മേണ്ട് സ്ഥിതിഗതികൾ കൈകാര്യം ചെയ്യുന്നതിൽ സംതൃപ്തി പ്രകടിപ്പിച്ചുകൊണ്ടാണ് രാഷ്ട്രതലവന്മാരും പ്രതിനിധി സംഘങ്ങളും ഇന്ത്യ വിട്ടതെന്ന് അദ്ദേഹം പറഞ്ഞു.

തങ്ങളുടെ നേതാവായ ഇന്ദിരാഗാന്ധിയുടെ ചരമത്തിൽ 101 രാജ്യങ്ങളടങ്ങിയ ചേരിചേരാ രാഷ്ട്രസമൂഹത്തിൻെറ അടിയന്തരയോഗം അനുശോചനം രേഖപ്പെടുത്തി. ലക്ഷ്യങ്ങൾ നേടിയെടുക്കാനായി പ്രസ്ഥാനത്തിൻെറ ഐക്യവും അഖണ്ഡതയും നിലനിർത്തുകയാണ് ഇന്ദിരക്ക് നൽകാവുന്ന ഏററവും വലിയ അന്ത്യാഭിവാദ്യമെന്ന് യോഗം അഭിപ്രായപ്പെട്ടു.

ഇന്ത്യയുടെ പുതിയ പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ചേരിചേരാ പ്രസ്ഥാനം പ്രഖ്യാപിത ലക്ഷ്യങ്ങൾക്കു വേണ്ടിയുള്ള പോരാട്ടം തുടരുമെന്ന് യോഗം വിശ്വാസം പ്രകടിപ്പിച്ചു.

നീചമായ ഗൂഢാലോചനയുടെ ഫലമായ രാഷ്ട്രീയ കൊലപാതകമായിരുന്നു ഇന്ദിരയുടേതെന്ന് സോവ്യററ് യൂണിയൻെറ ദേശീയ പത്രമായ പ്രവ്ദ അഭിപ്രായപ്പെട്ടു.

എം. ജി. ആർ. ന്യൂയോർക്കിൽ

ന്യൂയോർക്ക്: ചൊവ്വാഴ്ച ഇന്ത്യൻ സമയം രാത്രി 10—22ന് പ്രത്യേക വിമാനത്തിൽ ഇവിടെയെത്തിയ തമിഴ്നാട് മുഖ്യമന്ത്രി എം. ജി. രാമചന്ദ്രനെ ബ്രൂക്ലിനിലെ ഡൗൺസ്റ്റേററ് യൂനിവേഴ്സിററി ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. വിമാനത്താവളത്തിൽ നിന്ന് അദ്ദേഹത്തെ നേരിട്ട് ആസ്പത്രിയിലേക്ക് കൊണ്ടുപോവുകയാണുണ്ടായത്.

എം. ജി. ആർ ഉല്ലാസഭരിതനാണെന്നും, അദ്ദേഹത്തിൻെറ സ്ഥിതിയിൽ ഡോക്ടർമാർ തൃപ്തി പ്രകടിപ്പിച്ചുവെന്നും പറയുന്നു.

അതിനിടെ, തിങ്കളാഴ്ച രാത്രി മദിരാശിയിൽനിന്ന് പുറപ്പെട്ട വിമാനം യന്ത്രത്തകരാറു കാരണം അല്പനേരം ബോംബെയിൽ തങ്ങുകയുണ്ടായി. അർദ്ധരാത്രി 12—25നു ബോംബെയിലെത്തിയ വിമാനം 1—50നു പുറപ്പെടേണ്ടതായിരുന്നു. തകരാറു കണ്ടുപിടിച്ചതിനെ തുടർന്ന് ടേക്ക് ഓഫ് പോയൻറിൽനിന്ന് വിമാനം ടാർമാക്കിലേക്കു തിരികെ വന്നു. ഒടുവിൽ 3—05—നാണ് പുറപ്പെട്ടതു്.

വൃക്ക മാററി വെക്കേണ്ടതില്ലെങ്കിൽ എം.ജി.ആറിനെ അമേരിക്കയിൽനിന്ന് മൂന്നാഴ്ചക്കകം തിരികെ കൊണ്ടുവരുമെന്ന് മദിരാശിയിലെ അപ്പോളോ ഹോസ്പിററൽ ചെയർമാൻ ഡോ. പ്രതാപ് റെഡ്ഡി പറഞ്ഞു. വൃക്ക മാററി വെക്കുകയാണെങ്കിൽ ആറാഴ്ച കഴിഞ്ഞേ മടങ്ങൂ.

എം. ജി. ആറിൻെറ സഹോദരൻ എം. ജി. ചക്രപാണിയുടെ മക്കളായ എം.ജി. ലീലാവതി, ചന്ദ്രൻ, എം. ജി. സുകുമാരൻ എന്നിവരുടെ വൃക്കകളാണ് ഡോക്ടർമാർ തിരഞ്ഞെടുത്തിട്ടുള്ളതു്

എം. ജി. ആറിനെ കാണാൻ കർണാടക മുഖ്യമന്ത്രി രാമകൃഷ്ണഹെഗ്ഡെ നാട്ടിലേക്കുള്ള യാത്ര ഒരു ദിവസത്തേക്കുനീട്ടി.

എങ്ങും ദുഃഖം: നിറ കണ്ണുകളോടെ ആയിരങ്ങളുടെ അന്തിമാഞ്ജലി

സ്റ്റാഫ് പ്രതിനിധി

കൊച്ചി: നേരിയ തണുപ്പുള്ള പ്രഭാതം. പ്ലാററ്ഫോറത്തിൻെറ മേല്പുരകളിൽ ആദ്യകിരണങ്ങൾ തലോടുന്നതിനിടക്ക് ഒരു ദുഃഖസ്മരണപോലെ പ്രിയദർശിനിയുടെ ചിതാകുംഭം വഹിച്ചിട്ടുള്ള സ്പെഷ്യൽ ട്രെയിൻ ലെവക്കോട് സ്റ്റേഷനിലെത്തി മണിക്കൂറുകൾക്ക് മുമ്പ് കാത്തിരുന്ന ആയിരങ്ങളുടെ കണ്ണുകൾ നിറഞ്ഞു.

"ഈശ്വര, അല്ലാ, തേരേ നാം സബ്കോ സന്മതി ദേ ഭഗവാൻ"—ഈ സങ്കീർത്തനങ്ങൾമുഴങ്ങിക്കൊണ്ടിരിക്കുന്ന വേദിയിലേക്ക് ശ്രീമതി ഗാന്ധിയുടെ ചിതാകുംഭം മുഖ്യമന്ത്രി കെ. കരുണാകരനാണ് കൊണ്ടുവന്നു പ്രതിഷ്ഠിച്ചതു്. പ്ലാററ്ഫോറത്തിന് പുറത്തു് പ്രത്യേകം സജ്ജമാക്കിയ ത്രിവർണ്ണാംഗിത വേദിക്ക് ചുററും കോൺഗ്രസ്സ് പ്രവർത്തകരും മഹിളാ—കോൺഗ്രസ്സ് —സേവാദൾ പ്രവർത്തകരുമടങ്ങുന്ന ഒരു വലിയ വിഭാഗം ജനങ്ങൾ ഇന്ത്യയുടെ പ്രിയംകരിയായ നേതാവിൻെറ ആത്മാവിന്നു നിത്യശാന്തി നേർന്നുകൊണ്ട് സങ്കീർത്തനങ്ങളാലപിച്ചു.

മുഖ്യമന്ത്രിക്ക് പുറമെ, സുന്ദരം, കെ. പി. നൂറുദ്ദീൻ, എം. പി. ഗംഗാധരൻ തുടങ്ങിയ മന്ത്രിമാരും കോൺഗ്രസ്സ് നേതാക്കളും അവിടെയുണ്ടായിരുന്നു. ജീവിതത്തിൻെറ എല്ലാ തുറകളിലുംപെട്ട സാധാരണക്കാർ നിറകണ്ണുകളോടെ ചുററും തിങ്ങിക്കൂടി. ഇന്ദിരാഗാന്ധിയുടെ പൂർണ്ണകായ പടം എഴുന്നള്ളിച്ചുകൊണ്ടുള്ള സ്പെഷ്യൽ ട്രെയിൻ കൃത്യം 7.10—നാണ് ലെവക്കോട്ടെത്തിയതു്. നാല്പതു മിനുട്ട നേരം ജനങ്ങൾ ചിതാഭസ്മത്തിന്ന് ആദരാഞ്ജലികളർപ്പിച്ചു. പുഷ്പമാലകൾ അണിയിച്ചു.

എന്തൊക്കെയോ മധുരസ്മരണകളും വേദനകളും തുടിച്ചു നിന്ന രംഗം—എത്രയെത്ര ഓർമ്മകൾ, പറഞ്ഞാലും പറഞ്ഞാലും മതിയാവില്ല. 1983—ൽ ആണ് ഇന്ദിര ഒടുവിലായി പാലക്കാട്ടു വന്നത്. കൈപ്പത്തി ക്ഷേത്രം എന്നു പ്രസിദ്ധമായ കല്ലേക്കുളങ്ങര ഏമൂർ ഭഗവതി ക്ഷേത്രത്തിലെ പ്രതിഷ്ഠയാണല്ലോ കൈപ്പത്തി. കോൺഗ്രസ്സിൻെറ ചിഹ്നം ശ്രീകോവിലിൽ ഭഗവതിയുടെ മുദ്രയായി നിൽക്കുന്ന ഇന്ത്യയിലെ ഏക ക്ഷേത്രം കല്ലേക്കുളങ്ങര ക്ഷേത്രമാണ്. അതിന്നു മുമ്പു 1982—ൽ തിരഞ്ഞെടുപ്പു പ്രചരണത്തിന്നു വേണ്ടിയാണ് അവർ പാലക്കാട്ട് എത്തിയത്.

അധികാരത്തിലിരിക്കുമ്പോഴും അല്ലാത്തപ്പോഴും ഇന്ദിര പാലക്കാട്ടുകാർക്കു പ്രിയദർശിനിയായിരുന്നു. 1977—ൽ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട അധികാരത്തിൻെറ ആർഭാടമൊന്നുമില്ലാതെ എത്തിയപ്പോഴും ലക്ഷങ്ങൾ അവരെ കാണാനെത്തി. പാലക്കാട്ട് കോട്ടമൈതാനം അക്ഷരാർത്ഥത്തിൽ നിറഞ്ഞു കവിഞ്ഞു. അന്നോളം കണ്ടിട്ടില്ലാത്ത വമ്പിച്ച ജനസഞ്ചയം ഇന്ദിരയുടെ വാക്കുകൾ കേൾക്കാൻ തടിച്ചു കൂടി.

ഭയാകുലമായ കണ്ണുകൾ നോക്കി നിൽക്കേ പ്രത്യേക വണ്ടിയുടെ ചക്രങ്ങൾ നീങ്ങി. വണ്ടിയുടെ ചൂളം വിളി ആയിരങ്ങളുടെ തേങ്ങലായി മാറി. സ്പെഷ്യൽ ട്രെയിനിൽ അനുഗമിക്കുന്ന മന്ത്രി റഹീമും എ. ഐ. സി. സി ജനറൽ സിക്രട്ടറി എ. കെ. ആൻറണിയും ജോയിൻറ് സിക്രട്ടറി വാസുദേവ പണിക്കരും മന്ത്രി വയലാർ രവിയും എല്ലാവരോടും വിടവാങ്ങി.

ദേശീയ പ്രസ്ഥാനത്തിൻെറ അനേകം ആവേശഭാവങ്ങളായ രംഗങ്ങൾക്കു സാക്ഷ്യം വഹിച്ച ഒററപ്പാലത്ത് വികാരപൂർണ്ണമായ ആദരാഞ്ജലികളാണ് ശ്രീമതി ഗാന്ധിയുടെ ഭൗതികാവശിഷ്ടങ്ങൾക്കു സമർപ്പിക്കപ്പെട്ടത്. കൈയ്യിൽ പൂക്കളും മാലകളുമായി ജനങ്ങളുടെ നീണ്ട ക്യൂ ഗാന്ധിജിയുടെയും ജവഹർലാലിൻെറയും ചിത്രങ്ങൾ അലങ്കരിച്ചു വെച്ച വേദിയിലേക്കു മുഖ്യമന്ത്രി കരുണാകരൻ ചിതാകുംഭം എടുത്തുവെക്കുമ്പോൾ നോക്കി നിന്ന കണ്ണു

ശേഷം 5-ാംപേജ് 5-ാം കോളം

കാലാവസ്ഥ

തിരുവനന്തപുരം: കേരളത്തിലെ എല്ലാ ജില്ലകളിലും അങ്ങിങ്ങായി ലഘുവായ മഴയുണ്ടാകും.

തുടർന്നുള്ള രണ്ടു ദിവസങ്ങളിൽ കാലാവസ്ഥയിൽ വലിയ മാററം പ്രതീക്ഷിക്കുന്നില്ല.

കുഞ്ഞമ്മാൻ



"വീട്ടിൽ വിരുന്നുകാർ വരുന്നു എന്നു കേട്ടതു മുതലാണ് അവർക്ക് 'ഗ്യാസി'ൻെറ അസുഖം തുടങ്ങിയത്, ഡോക്ടർ....."



Rothmans. World Leader

THE BEST TOBACCO MONEY CAN BUY
Government Warning: Smoking is a major cause of cancer and diseases of the lungs, heart and arteries.

കന്നഡനാട് ഡി. എം. കെ.പിയിൽ ലയിച്ചു

ന്യൂഡൽഹി: തന്റെ പാർട്ടി പൂർണ്ണമായി രൂപീകരിക്കപ്പെട്ട ദളിത് മസ്ദൂർ കിസാൻ പാർട്ടി(ഡി.എം.കെ.പി.)യിൽ ലയിച്ചതായി കന്നഡനാട് പാർട്ടി പ്രസിഡണ്ട് എ.കെ. സുബ്ബയ്യ അറിയിച്ചു.

സുബ്ബയ്യയെ ഡി.എം.കെ.പി.യുടെ ജന. സിക്രട്ടറിമാരിലൊരാളായി നിയമിച്ചിട്ടുണ്ട്. രാംവിലാസ് പസ്വാൻ എം.പി.യെയും ജന. സിക്രട്ടറിയായി നിയമിച്ചിട്ടുണ്ട്. ഇതോടെ പാർട്ടി ജനറൽ സിക്രട്ടറിമാരുടെ എണ്ണം അഞ്ചായി.

ശ്രീലങ്കാപട്ടാളം 8 തമിഴരെകൊന്നു

ന്യൂഡൽഹി: ശ്രീലങ്കയിലെ വടക്കൻ ജാഫ്നാ പ്രവിശ്യയിൽ ഇന്ദിരാഗാന്ധിയുടെ നിര്യാണത്തിൽ അനുശോചനം പ്രകടിപ്പിക്കാൻ ഹർത്താൽ ആചരിച്ച സമയത്തു ശ്രീലങ്കാ പട്ടാളം രണ്ടിടത്തു വെടിവെച്ച് എട്ടു തമിഴരെ കൊന്നതായി നിരോധിക്കപ്പെട്ട ജനകീയ വിമോചന സംഘടനാ അദ്ധ്യക്ഷൻ ഉമാമഹേശ്വരൻ പറഞ്ഞു.

ഇതേ സമയം, ദേശീയ രക്ഷാമന്ത്രിയെ ഉദ്ധരിച്ച് സർക്കാർ ഉടമയിലുള്ള ശ്രീലങ്കാ റേഡിയോ അറിയിച്ചത് പട്ടാളം തിങ്കളാഴ്ച പെട്ടെന്നു ഭീകര പ്രവർത്തകരുടെ ആസ്ഥാനം ആക്രമിച്ച് കീഴടക്കി അവിടെനിന്നു ഒട്ടേറെ ആയുധങ്ങളും വെടിക്കോപ്പും പിടിച്ചെടുത്തുവെന്നാണ്. കുറെ ഭീകരപ്രവർത്തകർ കൊല്ലപ്പെടുകയുമുണ്ടായി.

നിക്കരാഗ്വ മന്ത്രി കൊല്ലപ്പെട്ടു

മനാഗ്വ: നിക്കരാഗ്വയിലെ സാൻഡിനിസ്റ്റ ഗവർമ്മെണ്ടിൽ കമ്യൂണിക്കേഷൻ മന്ത്രി എൻറിക് ഷ്മിററ് റിബൽ ഗറില്ലകളുമായുണ്ടായ ഏററുമുട്ടലിൽ മരിച്ചു.

വടക്കൻ നിക്കരാഗ്വയിൽ അമേരിക്കൻ പിന്തുണയുള്ള വലതുപക്ഷ ഗറില്ലകളാണ് ഷ്മിററിനെ കൊന്നതെന്ന് ആഭ്യന്തരമന്ത്രാലയം വെളിപ്പെടുത്തി.

ചരമം

സത്യേന്ദ്രകുമാർഗുപ്ത

വാരാണസി: 'ആജ്' എന്ന ഹിന്ദി പത്രത്തിന്റെ ചീഫ് എഡിറററും ഉടമയുമായ സത്യേന്ദ്ര കുമാർ ഗുപ്ത (67) അന്തരിച്ചു. ഇദ്ദേഹത്തിന്റെ മകൻ ശാർദൂൽ വിക്രം ഗുപ്ത ആജിന്റെ എഡിറററാണ്. ഐ. ഇ. എൻ. എസിന്റെ സ്ഥാപകാംഗമാണ് സത്യേന്ദ്രകുമാർ ഗുപ്ത.

കല്യാണി അമ്മ

മവങ്ങര: പാങ്ങാട്ട് കല്യാണി അമ്മ (84) മീഞ്ചന്തയിലുള്ള മകളുടെ വീട്ടിൽ നിര്യാതയായി. ശവസംസ്കാരം പാങ്ങാട്ട് നടന്നു.

ഇരിപ്പക്കോട്ട് മാളു

എരഞ്ഞിപ്പാലം: ഇരിപ്പക്കോട്ട് മാളു (90) ചൊവ്വാഴ്ച സ്വവസതിയിൽ അന്തരിച്ചു. അഞ്ച് പുത്രിമാരും ഒരേ ഒരു പുത്രനുമാണ് പരേതയ്ക്കുള്ളത്.

ഖദീജക്കുട്ടിഹജ്ജുമ്മ

കുററിപ്പുറം: കുററിപ്പുറത്തെ പ്രമുഖ കച്ചവടക്കാരനും മുൻ മർച്ചൻറ്സ് അസോസിയേഷൻ പ്രസിഡണ്ടുമായ കെ. ഇ. ബാവഹാജിയുടെ ഭാര്യ ഖദീജകുട്ടി ഹജ്ജുമ്മ (52) അന്തരിച്ചു. കുററിപ്പുറം മർച്ചൻറ്സ് അസോസിയേഷൻ ഖജാൻജിയും കെ. ഇ. സ്റ്റോർ ഉടമയുമായ കെ. ഇ. ബാവഹാജി, യൂത്ത് വിങ്ങ് ജനറൽ സിക്രട്ടറിയും ഇ. വി. സ്റ്റോർ ഉടമയുമായ കെ. ഡി. [illegible] എന്നിവർ മക്കളാണ്.

എൻ. നാരായണൻനായർ

പെരിന്തൽമണ്ണ: പെരിന്തൽമണ്ണ സ്വദേശി തെച്ചിക്കോട്ടിൽ നാരായണൻ നായർ (66) കോഴിക്കോട്ടു അന്തരിച്ചു. പെരിന്തൽമണ്ണ നാഷനൽ സ്റ്റോറിലെ കുമാരൻ നായർ, കോട്ടക്കൽ ആര്യവൈദ്യശാല കോഴിക്കോട് ബ്രാഞ്ചിലെ ഗോവിന്ദൻകുട്ടി എന്നിവർ മക്കളാണ്.

കമലാക്ഷിഅമ്മ

മേലാർകോട്: തെക്കേത്തറ പുനമ്പുള്ളി വീട്ടിൽ കമലാക്ഷിഅമ്മ (61) സ്വവസതിയിൽ നിര്യാതയായി.

പത്മനാഭൻനായർ

തിക്കോടി: മൂടാടിയിലെ കണ്ണമ്പത്ത് പത്മനാഭൻനായർ (34) നിര്യാതനായി. പരേതന്നു ഭാര്യയും രണ്ടു കുട്ടികളുമുണ്ട്.

കുഞ്ഞിരാമൻനായർ

ആലത്തിയൂർ: തട്ടാരസ്സിൽ കുഞ്ഞിരാമൻനായർ (72) തിരൂരിൽ സ്വകാര്യ ആശുപത്രിയിൽ നിര്യാതനായി. മക്കൾ വത്സലകുമാരി തൃപ്രങ്ങോട് സ്കൂൾ ടീച്ചറാണ്. തേങ്കുറിശ്ശി നെടുങ്ങാടി ബാങ്ക് മാനേജർ ഗോപാലകൃഷ്ണൻ ജാമാതാവാണ്.

യു. കെ. ആയിശാബി

കണ്ണൂർ: ഉദമ ,മാതൃഭൂമി, ഏജൻറ് സി. എ. അബ്ദുറസാക്കിന്റെ ഭാര്യ യു. കെ. ആയിശാബി (52) അന്തരിച്ചു.

വി. വി. കുഞ്ഞിരാമൻ നമ്പ്യാർ

ഏളയാവൂർ: വളപ്പിലെ വീട്ടിൽ കുഞ്ഞിരാമൻ നമ്പ്യാർ (65) അന്തരിച്ചു. പരേതന്നു അഞ്ചു മക്കളുണ്ട്.

എൻ. ശങ്കുണ്ണിനമ്പ്യാർ

ഏളയാവൂർ: കണ്ണൂർ താലൂക്ക് ഓഫീസിലെ റിട്ട. റിക്കാർഡ് കീപ്പറും പഴയകാല സ്പോർട്സ്മാനും നീലിയത്ത് തറവാട്ടിലെ കാരണവരുമായ ശങ്കുണ്ണി നമ്പ്യാർ (95) അന്തരിച്ചു. പരേതന്നു ആറ് ആൺമക്കളും മൂന്നു പെൺമക്കളുമുണ്ട്.

ഒ. കുട്ട്യാലി

താനൂർ: താനൂരിലെ പൗരപ്രധാനിയായ ഒ. കുട്ട്യാലി (57) ഹൃദയസംബന്ധമായ രോഗത്താൽ അന്തരിച്ചു. മുൻ താനൂർ പഞ്ചായത്ത് മുസ്ലിംലീഗ് പ്രസിഡണ്ടും പി. സി. സി.യുടെ (തിരൂർ) മുൻ ഡയരക്ടറും ആയിരുന്നു പരേതൻ.

മഞ്ചേരി മാധവി അമ്മ

തളിപ്പറമ്പ്: മൂത്തേടത്ത് ഹൈസ്കൂൾ അദ്ധ്യാപകൻ മഞ്ചേരി കുഞ്ഞിരാമൻ നമ്പ്യാരുടെ മാതാവ് മഞ്ചേരി മാധവി അമ്മ (86) അന്തരിച്ചു.

പി.എൻ. ഗോവിന്ദൻനായർ

ചൊക്ലി: പൊയിലൂരിലെ റിട്ട. അദ്ധ്യാപകൻ പി. എൻ. ഗോവിന്ദൻനായർ (60) നിര്യാതനായി.

അബ്രഹാം

പുളിങ്ങോം: എളേരിത്തട്ടിലെ ആലുങ്കൽ അബ്രഹാം (70) നിര്യാതനായി. മാതൃഭൂമിയുടെ പുളിങ്ങോം ലേഖകൻ ജാമാതാവാണ്. ആറ് മക്കളുണ്ട്.

കുഞ്ഞമ്പു

ചാലക്കടവ്: മടിക്കൈയിലെ കനിങ്കണ്ടിൽ കഞ്ഞമ്പു (70) നിര്യാതനായി.

സാറുമ്മ

തലശ്ശേരി:തലശ്ശേരി: പടിഞ്ഞാറ വീട്ടിൽ സാറുമ്മ)48) പുന്നോളിൽ നിര്യാതയായി.

അമ്പാടി

മടിക്കൈയിലെ ടി. അമ്പാടി (50) ഉണ്ണിയാംവെളിച്ചത്തുള്ള വസതിയിൽ മരിച്ചു.

സത്വന്ത് ഭോപ്പാൽ സന്ദർശിച്ചുവോ?

ഭോപാൽ: ഇന്ദിരാഗാന്ധിയുടെ ഘാതകന്മാരിൽ ഒരാളായ സത്വന്ത് സിങ്ങ് മദ്ധ്യപ്രദേശ് സന്ദർശിച്ചിരുന്നുവെന്ന പത്രവാർത്തകളെക്കുറിച്ച് ഗവർമ്മെണ്ട് അന്വേഷിക്കുന്നതായി ചീഫ് സിക്രട്ടറി ബ്രഹ്മസ്വരൂപ് വെളിപ്പെടുത്തി.

ഇൻഡോറിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഒരു ഹിന്ദിപത്രത്തിൽ സത്വന്ത് സിങ്ങ് കഴിഞ്ഞ ജൂണിൽ ഹയർ സെക്കണ്ടറി പരീക്ഷ എഴുതാൻ ഭോപ്പാലിൽ വന്നതായി റിപ്പോർട്ട് ഉണ്ടായിരുന്നു. ഹനുമാൻഗഞ്ച് പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട ഒരു മുറിയിലാണ് അന്നു സത്വന്ത് സിങ്ങ് താമസിച്ചിരുന്നതത്രെ. പ്രധാനമന്ത്രിയുടെ സെക്യൂരിററി ഗാർഡ് എന്ന നിലയിലാണ് ഈ സൗകര്യം നേടിയത്. മറെറങ്ങും അനുയോജ്യമായ താമസസൗകര്യം കിട്ടിയില്ലെന്നു സത്വന്ത് സിങ്ങ് പറഞ്ഞുവത്രെ.

സോവിയററ് പ്രധാനമന്ത്രി ടിഖോനോവ് പ്രധാനമന്ത്രി രാജീവ്ഗാന്ധിയുമായി കൂടിയാലോചിക്കുന്നു

ദുരിതാശ്വാസത്തിന്നു ഊർജ്ജിത ശ്രമങ്ങൾ

ന്യൂഡൽഹി: ഇന്ദിരാഗാന്ധി വധിക്കപ്പെട്ടതിനെ തുടർന്നുണ്ടായ വ്യാപകമായ കലാപത്തിൽ നാശനഷ്ടം സംഭവിച്ചവരെ പുനരധിവസിപ്പിക്കുന്നതിന്നായി സംയുക്ത ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താൻ ഒമ്പതു പ്രതിപക്ഷ പാർട്ടികൾ തീരുമാനിച്ചിരിക്കുന്നു. സിക്കുകാർക്കിടയിൽ സുരക്ഷിതത്വബോധം പുനഃസ്ഥാപിക്കുന്നതിനും പ്രതിപക്ഷ പാർട്ടികൾ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

സി.പി.എം, സി.പി.ഐ, ഡി.എം.കെ.പി, ആർ.എസ്.പി, കോൺ–ജെ, ജനവാദി പാർട്ടി, പാന്തേഴ്സ് പാർട്ടി, തെലുങ്കുദേശം, ഫോർവേർഡ് ബ്ലോക്ക് എന്നീ പാർട്ടികളുടെ പ്രതിനിധികൾ പങ്കെടുത്ത യോഗം ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താൻ കീഴ്ഘടകങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കലാപം നടന്ന സ്ഥലങ്ങളും, ആസ്പത്രികൾ, ദുരിതാശ്വാസക്യാമ്പുകൾ എന്നിവ നിരന്തരം സന്ദർശിക്കുക രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ ഏർപ്പാടുകളിലും ഉള്ള വീഴ്ചകൾ അധികൃതരെ അറിയിക്കുക, സമാധാനക്കമ്മിററികളും, ദുരിതാശ്വാസ കമ്മിററികളും രൂപീകരിക്കുക എന്നിവയാണ് നിർദ്ദേശങ്ങൾ.

ക്യാമ്പുകളിൽ പാർപ്പിക്കപ്പെട്ട ജനങ്ങൾക്ക് എല്ലാവിധ സഹായങ്ങളും എത്തിക്കണമെന്ന് യോഗം ഗവർമ്മെണ്ടിനോട് ആവശ്യപ്പെട്ടു. കാണാതായവരെ കണ്ടെത്തുവാനും കൊള്ളയടിക്കപ്പെട്ട മുതലുകൾ വീണ്ടെടുക്കാനും കർശന നടപടികളെടുക്കാനും യോഗം ആവശ്യപ്പെട്ടു.

ഹിദായത്തുള്ളയുടെ നേതൃത്വത്തിൽ

വിവിധ സ്ഥലങ്ങളിൽ പ്രത്യേകിച്ചും തലസ്ഥാനത്ത് കലാപം മൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമെത്തിക്കാൻ മുൻ ഉപരാഷ്ട്രപതി എം. ഹിദായത്തുള്ളയുടെ ആഭിമുഖ്യത്തിൽ 35 അംഗ കമ്മിററി രൂപീകരിച്ചതായി ജനതാ പാർട്ടി പ്രസിഡണ്ട് ചന്ദ്രശേഖർ അറിയിച്ചു. കർണ്ണാടക ഗവർമ്മെണ്ട് 10 ലക്ഷം ക.യും തെലുങ്ക് ദേശം 25,000 ക.യും കമ്മിററിക്ക് സംഭാവന നൽകിയിട്ടുണ്ട്. കോൺഗ്രസ്സ് (എസ്) പ്രസിഡണ്ട് ശരത്പവാർ ലെഫ്. ജന. ജെ.എസ്. അറോറ എന്നിവർ കമ്മിററിയുടെ വൈസ്ചെയർമാന്മാരും, ജോർജ്ജ് ഫർണാണ്ടസ് ജന. സെക്രട്ടറിയും ചിമൻഭായ് പട്ടേൽ ട്രഷററുമാണ്.

അഞ്ചംഗ വസ്തുതാന്വേഷണ കമ്മിററി രൂപീകരിച്ചതായും ചന്ദ്രശേഖർ അറിയിച്ചു. ജസ്വന്ത് സിൻഹയാണ് കൺവീനർ.

ആശ്രിതർക്ക് 10000 ക.

ഡൽഹിയിൽ കലാപത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് പതിനായിരം ക. വീതം നൽകാൻ ഗവർമ്മെണ്ട് നിശ്ചയിച്ചു. മരിച്ച ഓരോ ആളിനും പതിനായിരം ക. വീതം ലഭിക്കും. പരിക്കേററവർക്ക് 2000 ക. ലഭിക്കും. വീടുകൾ നിശ്ശേഷം തകർന്നവർക്ക് പതിനായിരം ക.യും കേടുപാടുകൾ പററിയ വീടിന്ന് അയ്യായിരം ക.യും ചില്ലറ നാശം സംഭവിച്ചവർക്ക് ആയിരം ക.യും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. രണ്ട് ഉന്നത കമ്മിററികളുടെ തീരുമാനങ്ങൾ പ്രധാനമന്ത്രി അംഗീകരിച്ചതിനെ തുടർന്നാണ് ഈ പ്രഖ്യാപനം.

ഡൽഹിയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും പുനരധിവാസ നടപടികൾക്കുമായി രണ്ടു കമ്മിററികൾ രൂപീകരിച്ചിട്ടുണ്ട്. സിക്രട്ടറിമാരടങ്ങിയ ഒരു കമ്മിററിയ്ക്കു തലസ്ഥാനത്തെ ആശ്വാസപ്രവർത്തനങ്ങൾ നടത്താൻ പൂർണ്ണഅധികാരം നൽകിയിട്ടുണ്ട്. രണ്ടാമത്തെ കമ്മിററിയിൽ കേന്ദ്രമന്ത്രിമാരുംഡൽഹിയിൽ നിന്നുള്ള എം. പി.മാരുമാണുള്ളത്. വീടുകൾ നന്നാക്കുന്നതിനും മാററി പണിയുന്നതിനും ചുരുങ്ങിയ പലിശയ്ക്കു വായ്പ അനുവദിക്കാനുള്ള തീരുമാനത്തിനും, പ്രധാനമന്ത്രി അംഗീകാരം നൽകിയിട്ടുണ്ട്. കച്ചവടക്കാർക്കും വാഹന ഉടമകൾക്കും വായ്പ അനുവദിക്കും,

ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ ഡൽഹി ഭരണകൂടവുമായി എല്ലാ മന്ത്രിമാരും സഹകരിക്കണമെന്നു പ്രധാനമന്ത്രി രാജീവ് ഗാന്ധി നിർദ്ദേശം നൽകി.

ഡൽഹി പ്രദേശ് കോൺഗ്രസ് (ഐ) നേതാക്കളെ ആശ്വാസപ്രവർത്തനങ്ങളിൽ പൂർണ്ണമായി പങ്കെടുക്കണമെന്നും രാജീവ് ഗാന്ധി നിർദ്ദേശിച്ചു.

റൂർക്കേലയിൽ അക്രമങ്ങളിൽ പരിക്കേററവർക്ക് വൈദ്യസഹായം നൽകുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുമായി ഒറീസ മുഖ്യമന്ത്രി ജെ. ബി. പട്നായക് 30,000ക. അനുവദിച്ചു.

കേരളത്തിൽ മൂന്നാംമുന്നണി രൂപംകൊണ്ടു

കൊല്ലം: ആറു രാഷ്ട്രീയകക്ഷികളുടെ നേതാക്കൾ ഇവിടെ ഗസ്റ്റ് ഹൗസിൽ യോഗം ചേർന്നു കേരളത്തിൽ മൂന്നാമതൊരു മുന്നണിക്കു രൂപം നൽകാൻ തീരുമാനിച്ചു.

കെ. ഗോപാലൻ എം.പി., പി. ഭാസ്കരൻ എം.എൽ.എ., ജി. മുകുന്ദൻ പിള്ള (ജനത ജി) എം. കെ. രാഘവൻ, സി. ജി. ജനാർദ്ദനൻ എം.എൽ.എ. (എസ്. ആർ. പി.), ജോസ് കുററ്യാനി എം.എൽ.എ., അമരവിള കൃഷ്ണൻ നായർ, ജോസഫ് മൈക്കിൾ (ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് കേരള ഘടകം), എം. ഡി. ജോസ് (കേരള ദേശം) ഫിലിപ്പ് എം. പ്രസാദ് (ഇന്ത്യൻ ലേബർ പാർട്ടി), ഗിൽബർട്ട് ഓസ്റ്റിൻ (ഇന്ത്യൻ ലേബർ കോൺഗ്രസ്സ്) എന്നിവർ ഉൾപ്പെടെയുള്ള നേതാക്കളടക്കം ഇരുപതോളം പേർ പങ്കെടുത്ത യോഗമാണ് ഈ തീരുമാനമെടുത്തത്. ബി. ജെ. പി. യുംപ്പെടെ ചില കക്ഷികൾ ഈ മുന്നണിയിലേക്ക വന്നേക്കുമെന്നു അവർ പ്രതീക്ഷിക്കുന്നുണ്ട്.

ആയിരങ്ങളുടെ അന്ത്യപ്രണാമം

1–ാം പേജ് 5–ാം കോളം തുടർച്ച

കരംനനഞ്ഞു. സ്ത്രീകൾ വീർപ്പുമുട്ടി കരയുന്നുണ്ടായിരുന്നു.

പതിതപാവന സീതാറാം ആലപിക്കുന്ന ജനാവലി കൈകൾ കൂപ്പി. ''ആദിയും അന്തവും അവ്യക്തമാണ്. മദ്ധ്യത്തിലുള്ളതു മാത്രമേ വ്യക്തമാവുന്നുള്ളൂ. മരണം എല്ലാത്തിനേയും അവ്യക്തമാക്കുന്നു. പിന്നെ എന്തിനു ദുഃഖിക്കുന്നു'' എന്ന അർത്ഥമുള്ള ഗീതാവചനങ്ങളും ഉയർന്നു കേട്ടു.

ഷൊർണ്ണൂരിന്നടുത്ത് വണ്ടി എത്തിയപ്പോൾ വഴിയിൽ കാത്തുനിന്നിരുന്ന കർഷക തൊഴിലാളികൾ സ്പെഷൽ ട്രെയിനിന്ന് നേർക്ക് കൈകൂപ്പി വണങ്ങി പൂക്കൾ വർഷിച്ചു. ഗാന്ധിജിയുടെയും പണ്ഡിററ്ജിയുടെയും ചിതാഭസ്മങ്ങളലിഞ്ഞുചേർന്ന ഭാരതപ്പുഴയുടെ വെള്ള മണൽത്തിട്ടിലും ഇന്ദിരയുടെ ഭൗതികാവശിഷ്ടങ്ങളുമായി കടന്നുപോകുന്ന തീവണ്ടിയെ ഒരു നോക്കു കാണാൻ ആളുകൾ കൂടിനിന്നിരുന്നു. ഭാരതപ്പുഴയുടെ തണുത്ത വെള്ളത്തിൽ കുളിച്ചു ഈറനണിഞ്ഞു നിൽക്കുന്നവരായിരുന്നു അവരിലധികവും.

ഒൻപതു മണിയോടെ വണ്ടി വടക്കാഞ്ചേരിയിലെത്തി. പ്ലാററ്ഫോറത്തിൽ തന്നെയാണ് സ്വീകരണത്തിന്ന് വേദി ഒരുക്കിയിരുന്നതു. ചിതാഭസ്മകുംഭം എടുത്ത് ഉയർത്തി വേദിയിൽ വെക്കുമ്പോൾ രാം ധൂൻ ആലാപനവും സങ്കീർത്തനങ്ങളും ഉയർന്നു. ചുവന്ന തലേക്കെട്ടും കെട്ടി നീലക്കുപ്പായമണിഞ്ഞ പോർട്ടർമാർ, കല്ലുവെട്ടു തൊഴിലാളികൾ, കൃഷിവലന്മാർ—അവരുടെ കണ്ണുകളിൽ തീരാദുഃഖത്തിന്റെ നിഴലാട്ടം.

തൃശൂരിൽ അതിഗംഭീരവും ആവേശകരവുമായ വരവേൽപ്പാണ് ചിതാകുംഭത്തിനു ലഭിച്ചതു്. ഇന്ദിരയുടെ വിശ്വസ്ത സഹചാരനും തൃശൂരിന്റെ കണ്ണിലുണ്ണിയുമായ മുഖ്യമന്ത്രി കരുണാകരൻതൃശൂർ റെയിൽവെസ്റ്റേഷനു പുറത്തുള്ള അങ്കണത്തിൽ ഒരുക്കിയ മണ്ഡപത്തിൽ ചിതാകുംഭം എടുത്തുവെച്ചപ്പോൾ ദുഃഖംകൊണ്ടു വിങ്ങിപ്പൊട്ടിയ അന്തരീക്ഷമാണ്ഉണ്ടായതു്. സഹകരണമന്ത്രി കമലവും നിറകണ്ണോടെ അവിടെ സന്നിഹിതയായിരുന്നു. അര മണിക്കൂറോളം വണ്ടി അവിടെ നിന്നു. ചിതാകുംഭത്തിൽ വന്ദിച്ചവർ പൂക്കൾ വാരി എറിഞ്ഞുകൊണ്ടിരുന്നു.

ഇന്ദിരയുടെ വരവിനെ ഓർമ്മിപ്പിച്ചു

കൊച്ചി: മണ്ഡപത്തിനു ചുററും കെട്ടിയുയർത്തിയ ബാരിക്കേടുകൾ, പെരുംകടൽ പോലെ നിറഞ്ഞ ജനക്കൂട്ടം, പൊലീസിന്റെ കനത്ത രക്ഷാവലയങ്ങൾ, പഴയ തലമുറയിലെ പരിചിത മുഖങ്ങൾ, നാവിക സേനാംഗങ്ങളുടെ നിര—എല്ലാം ഇന്ദിരയുടെ വരവിനെ ഓർമ്മിപ്പിച്ചു. രണ്ടു വർഷം മുൻപ് കൊച്ചിയിൽ നടന്ന കോൺഗ്രസ്സ് ചയനത്തിനു ഇന്ദിര വന്നതു പലരുടേയും മനസ്സിൽ തെളിഞ്ഞു നിന്നു. പാതിരാവുരെ കാത്തു നിന്ന ജനസമുദ്രത്തിനു മുൻപിൽ സമയക്കുറവുമൂലം ഒരു പുഞ്ചിരി മാത്രം നൽകി ഇന്ദിര ഇറങ്ങിപ്പോയതും വേദനയോടെ പലരുമോർത്തു. പക്ഷെ ചൊവ്വാഴ്ച ഒരു മണിക്കു കാത്തുനിന്ന ജനക്കൂട്ടത്തിനു മുൻപിൽ എത്തിയതു് പ്രിയദർശിനിയുടെ ചിതയിൽനിന്നുള്ള ഒരു പിടി ചാരം അടങ്ങിയ പേടകം മാത്രം. കോൺഗ്രസ്സ് പ്രസിഡണ്ടായിരുന്നപ്പോൾ എ. ഐ. സി. സി.യുടെ സെക്രട്ടറിയായിരുന്ന കെ. പി. മാധവൻ നായർ, കർദ്ദിനാൾ ഡോ. ജോസഫ് പാറേക്കാട്ടിൽ, കോൺഗ്രസ്സിന്റെ പഴയ തലമുറയിൽപെട്ട കുട്ടി സാഹിബ്, കെ. കെ. വിശ്വനാഥൻ, ലീലാ ദാമോദരമേനോൻ, മന്ത്രി കമലം, മുൻ എ.ഐ.സി.സി. ജനറൽ സിക്രട്ടറി ഹെൻറി ഓസ്റ്റിൻ—എല്ലാവരുടെയും മുഖത്തെ തെളിച്ചം ചൊവ്വാഴ്ച കെട്ടുപോയിരുന്നു. മുഖ്യമന്ത്രി കെ. കരുണാകരനാണ് ചിതാഭസ്മപേടകം മണ്ഡപത്തിൽ കൊണ്ടുവന്നു വെച്ചതു്.

ചിതാഭസ്മം ലക്ഷദ്വീപിലേക്ക്

കൊച്ചി: ഇന്ദിരയുടെ ചിതാഭസ്മ പേടകം ഒരു ഹെലിക്കോപ്ടറിൽ ലക്ഷദ്വീപിലേക്കും കവരത്തിയിലേക്കും കൊണ്ടു പോയി.

പി. എം. സെയ്ത് എം.പി., നല്ലകോയ എന്നിവരുടെ നേതൃത്വത്തിലാണ് കലശം കൊണ്ടു പോകുന്നതു്. കൊച്ചി വിമാനത്താവളത്തിൽ വൈസ് അഡ്മിറൽ കെ. കെ. നായർ, കലക്ടർ എം. പി. ജോസഫ്, ഡി. ഐ. ജി. കൃഷ്ണൻ നായർ എന്നിവരും സന്നിഹിതരായിരുന്നു.

മൂന്നു ദിവസം തലസ്ഥാനത്ത്

1–ാം പേജ് 5–ാം കോളം തുടർച്ച

ചൊവ്വാഴ്ച രാത്രി തിരുവനന്തപുരത്തെത്തിയ ചിതാഭസ്മകലശം കനകക്കുന്നു കൊട്ടാരത്തിൽ പ്രത്യേകം സജ്ജമാക്കിയ പുഷ്പാലംകൃതവേദിയിൽ പ്രതിഷ്ഠിച്ചിരിക്കയാണ്. പൊതുജനങ്ങൾക്ക 7,8,9 തീയതികളിൽ അവിടെയെത്തി അന്തരിച്ച രാഷ്ട്രമാതാവിന്നു അന്ത്യപ്രണാമം അർപ്പിക്കാം.

ചിതാഭസ്മ പേടകം വഹിച്ചുകൊണ്ടുള്ള പ്രത്യേക തീവണ്ടി നിർദ്ദിഷ്ട സമയം പിന്നിട്ട തിരുവനന്തപുരം റെയിൽവെ സ്റ്റേഷനിലെത്തിയപ്പോഴേക്കും നിറമിഴികളോടെ അവിടെ കാത്തു നിന്നിരുന്ന ആയിരങ്ങളിൽ ചിലർ ദുഃഖം സഹിക്കവയ്യാതെ വിതുമ്പിക്കരഞ്ഞു. റെയിൽവെ സ്റ്റേഷനിൽ എത്തിയവരിൽ നല്ലൊരു പങ്ക് സ്ത്രീകളായിരുന്നു. സർവ്വമത പ്രാർത്ഥനയും ഭജനഗാനങ്ങളും വൈകുന്നേരം അഞ്ച് മണിക്ക് തന്നെ ആരംഭിച്ചു കഴിഞ്ഞിരുന്നു.

മുഖ്യമന്ത്രി കെ. കരുണാകരൻ വണ്ടിയിൽ നിന്നു് ചിതാഭസ്മകലശമെടുത്തു ഗവർണ്ണർ പി. രാമചന്ദ്രനെ ഏല്പിച്ചു. പ്രത്യേകം തയ്യാറാക്കിയ കെ.എസ്.ആർ.ടി.സി. യുടെ തുറന്ന വാഹനത്തിൽ കലശം എടുത്തു വെച്ചതും ഗവർണ്ണർ തന്നെ.

റെയിൽവെ സ്റ്റേഷനിൽ നിന്നു് കനകക്കുന്ന് കൊട്ടാരത്തിലേക്കുള്ള യാത്രയിൽ മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥന്മാരുമുൾപ്പെടെ അനവധിയാളുകൾ അകമ്പടി സേവിച്ചു. റെയിൽവെ സ്റ്റേഷൻ മുതൽ കനകക്കുന്ന് കൊട്ടാരം വരെയുള്ള അഞ്ച് കിലോമീററർ റോഡിനിരുവശവും നിറയെ ആളുകൾ കാത്തു നിന്നിരുന്നു.

വാഹനം കനകക്കുന്നിലെത്തിയപ്പോൾ കലശം എടുത്തു വേദിയിൽ പ്രതിഷ്ഠിച്ചതും ഗവർണ്ണർ പി. രാമചന്ദ്രൻ തന്നെ.

സ്പീക്കർ വക്കംപുരുഷോത്തമനും മന്ത്രി ആർ. ബാലകൃഷ്ണപിള്ളയും കൊല്ലത്തു നിന്നു തന്നെ സ്പെഷൽ വണ്ടിയിൽ കയറിയിരുന്നു.

മദിരാശിയിൽ

മദിരാശി: ഇന്ദിരാഗാന്ധിയുടെ ചിതാഭസ്മവും വഹിച്ചു കൊണ്ടുള്ള പ്രത്യേക തീവണ്ടിക്ക മദിരാശിയിൽ ജനങ്ങൾ ആവേശോജ്ജ്വലമായ സ്വീകരണം നൽകി.

പത്ത് ബോഗികളുള്ള പ്രത്യേക തീവണ്ടി വൈകീട്ട് 4.30നാണ് മദിരാശി സെൻട്രൽ സ്റ്റേഷനിൽ എത്തിയതു്. ചിതാഭസ്മപേടകം പൊതുജനദർശനത്തിനായി രാജാജി ഹാളിൽ ബുധൻ, വ്യാഴം, വെള്ളി എന്നീ ദിവസങ്ങളിൽ വെക്കുന്നതാണ്.

മൂന്നാമത്തെ കംപാർട്ടുമെൻറിൽ അലങ്കരിച്ച പ്ലാററ്ഫോമിലാണ ചിതാഭസ്മം സൂക്ഷിച്ചിരിക്കുന്നതു്. നേരത്തെ 9 സ്റ്റേഷനുകളിൽ മാത്രം വണ്ടി നിറുത്തിയാൽ മതിയെന്നാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും. ആളുകൾ തീവണ്ടി പ്പാതയിൽ കയറി നിന്നു വഴിമുടക്കിയതിനാൽ പ്രത്യേക തീവണ്ടി പലയിടത്തും നിറുത്തിക്കൊടുക്കേണ്ടി വന്നു.

പഞ്ചസാരക്കും ശർക്കരക്കും വിലക്കയററം

കോഴിക്കോട്: പഞ്ചസാരക്കും ശർക്കരക്കും അരിക്കും മററു ധാന്യ വർഗ്ഗങ്ങൾക്കും കോഴിക്കോട് കമ്പോളത്തിൽ ചൊവ്വാഴ്ച വില വീണ്ടുംകയറി.

പഞ്ചസാരക്ക് തിങ്കളാഴ്ച 500ക. യായിരുന്നത് 508–510 ക.യായി വർദ്ധിച്ചിരിക്കയാണ്. രണ്ടു ദിവസത്തിനകം പഞ്ചസാരക്ക് 25ക.യാണ് കേറിയതു്. ശർക്കര എല്ലായിനത്തിനും 20–25ക. കൂടി. ശർക്കര ഒന്നാംതരം 430–440ക., രണ്ടാം തരം 410–420ക., കറുപ്പ് 380–400ക. എന്നിങ്ങനെയാണ് വില. അരിക്ക് ക്വിൻടലിന്ന് 5ക. വർദ്ധിച്ചു.

ധാന്യവിപണിയിൽ ചെറുപയർ ക്വിൻടലിന്ന് 575–610ക., മമ്പയർ 375–440ക., കടല 550–560ക., തുവരപ്പരിപ്പ് 650–750ക. ഉഴുന്നുപരിപ്പ് 710–780ക., കടലപ്പരിപ്പ് 660–670ക., കപ്പൽ മുളക് ഒന്നാംതരം 2500–2700ക. രണ്ടാംതരം 2000–2300ക. എന്നിങ്ങനെയായി വർദ്ധിച്ചിട്ടുണ്ട്.

ചൂടിവില കുതിച്ചുയർന്നു. കൊയിലാണ്ടി ചൂടിക്ക് 20–30ക.യും ബേപ്പൂർ ചൂടിക്ക് 25ക.യും കേറിയിരിക്കയാണ്. വെളിച്ചെണ്ണ, കുരുമുളക്, തേങ്ങ വില താണ നിലയിൽ തുടരുന്നു.

പാലടപ്രഥമൻകൊണ്ട് തുലാഭാരം

ഗുരുവായൂർ: ഗുരുവായൂർ ക്ഷേത്രത്തിൽ ഒരു ഭക്തൻ പാലട പ്രഥമൻ കൊണ്ട് തുലാഭാരം നടത്തി.

തൃശ്ശൂരിലുള്ള കൃഷ്ണൻ എന്നൊരാളാണ് ഈ ഭക്തൻ. 850 ക. ഇതിന്നു ചെലവായി. ബാങ്കിൽ ഉദ്യോഗം ലഭിക്കാനായിരുന്നു ഈ വഴിപാട്. പ്രാർത്ഥന സഫലീകരിച്ചപ്പോൾ വഴിപാടും നടത്തി.

അങ്ങാടി നിലവാരം

കോഴിക്കോട്

	നവംബർ	
വെളിച്ചെണ്ണ ക്വിൻടൽ	3325	00
പിണ്ണാക്ക്	370	00
കൊപ്പര എടുത്തപടി	2275	00
,, ദിൽപാസ്	2300	00
,, റാസ്	2250	00
,, രാജ്പൂർ	3000	00
,, ഉണ്ട	2850	00
ചുക്ക്	2500	00
കുരുമുളക് നാടൻ	2600	00
,, ചേട്ടൻ	2610	00
,, വയനാടൻ	2700	00
മഞ്ഞൾ	1500	00
ഏലം പച്ച	125–20	
കൊട്ടടക്ക	1000	00
,, ഗാർബിൾഡ്	1400	00
ഷീററ് റബ്ബർ (100 കിലോ)	1440	0
കൊയിലാണ്ടി ചൂടി ക്വിൻടൽ		
,, ഒന്നാം നമ്പർ	600	00
,, രണ്ടാം നമ്പർ	590	00
ബേപ്പൂർചൂടി 1–ാംനമ്പർ	580	00
2–ാം നമ്പർ	570	00
നാളികേരംപൊളിപ്പടി	2350–240	
ബേപ്പൂർ	2115	00
നാളികേരം റാസ്	2100–215	
മാങ്കാവ്	2400–250	
കൊട്ടത്തേങ്ങ	3000–340	
പുൽത്തൈലം 10കിലോ	1200	00
അരി നാടൻ	310–34	
,, ആന്ധ്ര	270–31	
പഞ്ചസാര	508–51	
സ്വർണ്ണം (22 കാരററ്) 8 ഗ്രാം	1552	00
തങ്കം 24കാരററ് (10ഗ്രാം)	2070	00
വെള്ളി കിലോ	3650	00

വളപട്ടണം

	നവംബർ	
കുരുമുളക് ചേട്ടൻ	2750	00
വടകരൻ	2800	00
ചുക്ക്	3100	00
റബ്ബർ	1505	00
കപ്പ	90	00
കൊട്ടടക്ക	1700	00
അടക്ക പഴയത്	1900	00
പുൽത്തൈലം	ഇല്ല	
മഞ്ഞൾ	1750	00
കശുവണ്ടി	ഇല്ല	

അമേ.തിരഞ്ഞെടുപ്പിൽ കനത്ത പോളിങ്ങ്

ന്യൂയോർക്ക്: ചൊവ്വാഴ്ച നടന്ന അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ കനത്ത പോളിങ്ങ് നടന്നു. ഒരു വട്ടം കൂടി പ്രസിഡണ്ട് പദത്തിനു ശ്രമിക്കുന്ന റിപ്പബ്ലിക്കനായ റൊണാൾഡ് റെയ്ഗനും ഡമോക്രാററായ വാൾട്ടർ മൊണ്ടേലും തമ്മിലാണ് മത്സരം.

ഒരു വർഷത്തോളം നീണ്ടു നിന്ന പ്രചാരണത്തിനു 100 കോടി ഡോളർ (1000 കോടി ക.) ആണ് ചെലവാക്കിയതു്. 90 ശതമാനം പേർ വോട്ടു രേഖപ്പെടുത്തുമെന്നായിരുന്നു പ്രവചനം. അഭിപ്രായ വോട്ടെടുപ്പിൽ 73കാരനായ റെയ്ഗൻ തന്നെ വിജയിക്കുമെന്നാണ് കണ്ടതു്.

ആദ്യ ഫലങ്ങൾ ബുധനാഴ്ച കാലത്ത് അറിഞ്ഞു തുടങ്ങും.

തീവ്രവാദികൾ

2 പേരെ കൊന്നു

അമൃത്സർ: പഞ്ചാബിലെ നൊതിയാൻ ഗ്രാമത്തിനടുത്തു് രണ്ടു ബസ്സ് യാത്രക്കാരെ ചൊവ്വാഴ്ച തീവ്രവാദികൾ വെടിവെച്ചു കൊന്നു. മറെറാരാൾക്ക് പരിക്കേററു. അമൃത്സർ–മേത്തം ചൗക്ക് റോഡിൽ വെച്ചാണ് സംഭവം.

അംജദ്ഖാന്നെതിരെ കേസ്സ്

ബോംബെ: സിനിമാ നടൻ അംജദ്ഖാന്നെതിരെ ആദായനികുതി വെട്ടിപ്പിന്നു അധികൃതർ മൂന്നു കേസ്സുകളെടുത്തു.

1979 നും 1982 നും ഇടയ്ക്കുള്ള കാലത്ത് ആദായം കുറച്ചു കാണിച്ച് അംജദ്ഖാൻ ലക്ഷക്കണക്കിന്നു ഉറുപ്പികയുടെ വെട്ടിപ്പ് നടത്തിയെന്നാണ് കേസ്സ്. നടന്റെ വസതിയിൽ നിന്നു ഇതു സംബന്ധിച്ച ഏതാനും രേഖകളും പിടികൂടിയിട്ടുണ്ട്.

മെട്രോപൊളിററൻ കോടതി മുമ്പാകെ വന്ന കേസ്സ്, ഡിസംബർ 20നു വിചാരണക്കെടുക്കും.

നിയമനങ്ങളും മാററങ്ങളും

മുൻസിഫ് മജിസ്ട്രേട്ട്

തിരുവനന്തപുരം: പി. വിജയത്തെ പെരിന്തൽമണ്ണയിൽ മുൻസിഫ്–മജിസ്ട്രേട്ട് ആയി നിയമിച്ചു.

മുൻസിഫ്മാർ

പി.കെ. സോമസുന്ദരൻനായരെ കണ്ണൂരും, ഡി. പാപ്പച്ചനെ എറണാകുളത്തും, സി.പി. ജയചന്ദ്രനെ കൊല്ലത്തും പ്രിൻസിപ്പാൾ മുൻസിഫുമാരായി മാററി നിയമിച്ചു.

കെ.പി. ജോണിനെ എറണാകുളം ഒന്നിലും തോമസ് പള്ളിക്കാപ്പറമ്പിലിനെ കണ്ണൂരും, കെ. ശ്രീലതാദേവിയെ കൊച്ചിയിലും, പി. പരമേശ്വരൻ മൂസതിനെ ചേർത്തലയിലും, സി. എസ്. ഗോവിന്ദപിള്ളയെ കൊല്ലത്തും ടി. ജോർജ്ജ് അബ്രഹാമിനെ തൃശ്ശൂരും അഡീഷണൽ മുൻസിഫുമാരായി നിയമിച്ചു.

ജില്ലാ ജഡ്ജിമാർ

കെ.വി. ശങ്കരനാരായണനെ തൊടുപുഴയിലും, മൊയ്തു അഹമ്മദ് നിസ്സാറിനെ കോഴിക്കോട്ടും അഡീഷണൽ ജില്ലാ ജഡ്ജിമാരായി നിയമിച്ചു.

സബ്ബ്ജഡ്ജിമാർ

എ. ഹരിദാസനെ വടകരയിൽ പ്രിൻസിപ്പാൾ സബ്ബ് ജഡ്ജിയായി നിയമിച്ചു. ടി.എൻ. സരളയെ എറണാകുളം ഒന്നിലും, കെ. കരുണാകരൻ നായരെ എറണാകുളം രണ്ടിലും, പി. എസ്. ദിവാകരനെ എറണാകുളം മൂന്നിലും കെ.ജി. ഗോപാലകൃഷ്ണനെ വടകരയിലും അഡീഷണൽ സബ്ബ് ജഡ്ജിമാരായി നിയമിച്ചിട്ടുണ്ട്.

60ലക്ഷംക. കവർച്ച ചെയ്തു

റായ്പ്പൂർ: ഒറീസ്സാ മധ്യപ്രദേശ് അതിർത്തിയിലെ സ്റ്റേററ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശ്രുത്തോപാ ബ്രാഞ്ചിൽ നിന്നും തിങ്കളാഴ്ച പട്ടാപ്പകൽ ഏതാണ്ട് 60 ലക്ഷം ക.യുടെ മുതലുകൾ ഒരു സംഘം കവർച്ച ചെയ്തു.

ബാങ്കിന്റെ സ്ട്രോംഗ് റൂം കുത്തിത്തുറന്നായിരുന്നു സ്വർണ്ണവും മററ് വിലപിടിപ്പുള്ള വസ്തുക്കളും കവർച്ചക്കാർ തട്ടിക്കൊണ്ടുപോയതെന്ന് പൊലീസ് അറിയിച്ചു.

ബാങ്ക് ജീവനക്കാരെ മുഴുവൻ ഒരു മുറിയിലിട്ട് പൂട്ടിയ ശേഷമാണ് കവർച്ചക്കാർ രക്ഷപ്പെട്ടതു്.

കടലൂരിനടുത്ത് കല്ലാക്കുറിച്ചിയിലെ ഒരു അഗ്രികൾച്ചറൽ ബാങ്കിൽ നിന്നു് ഞായറാഴ്ച 40 ലക്ഷം ക.യുടെ സ്വർണ്ണം കവർച്ച ചെയ്യപ്പെട്ടുവെന്നു് പൊലീസ് അറിയിച്ചു. ലോക്കറുകളിൽ സൂക്ഷിച്ചിരുന്ന സ്വർണ്ണാഭരണങ്ങളാണ് നഷ്ടമായതു്.

ബാങ്കിന്റെ വാതിലുകൾ തുറന്നു കിടക്കുന്നതുകണ്ട ഒരു പാൽവില്പനക്കാരനാണ് ഞായറാഴ്ച വിവരം പൊലീസിനെ അറിയിച്ചതു്.

പണം വാങ്ങിയേ തീരു

ന്യൂഡൽഹി: 'ദൂരദർശന' ഒരിക്കലും കലാകാരന്മാരുടെ സൗജന്യ സേവനം ഉപയോഗിക്കുകയില്ല.

വിഖ്യാത സരോദ് വായനക്കാരനായ അംജദ് അലിഖാൻ ഇന്ദിരാഗാന്ധിക്ക് ആദരാഞ്ജലി അർപ്പിക്കാൻ 'ദൂരദർശ'നിലൂടെ ഒരു മണിക്കൂർ കച്ചേരി നടത്തി. പരിപാടി റിക്കാർഡ് ചെയ്ത ഉടനെ അതിന്റെ പ്രതിഫലത്തിനുള്ള വൗച്ചർ ഒപ്പിടണമെന്നു ഉദ്യോഗസ്ഥന്മാർ നിർദ്ദേശിച്ചു. താൻ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു നേതാവിനു ആദരാഞ്ജലി അർപ്പിക്കാൻ നടത്തിയ പരിപാടിക്ക് പ്രതിഫലം പററാൻ ആ സംഗീതജ്ഞൻ തയ്യാറായില്ല. വൗച്ചർ ഒപ്പുവെക്കാൻ അദ്ദേഹം വിസമ്മതിച്ചു.

കീഴുദ്യോഗസ്ഥന്മാർ മേലധികാരികളുമായി ചർച്ച നടത്തി. കലാകാരന്റെ സൗജന്യ സേവനം സ്വീകരിക്കാൻ നിർവ്വാഹമില്ല എന്നാണ് ചട്ടം. നിയമത്തിന്റെ കുരുക്കിൽപ്പെട്ട അംജദ് അലിഖാൻ അവസാനം അധികൃതരുടെ നിർബ്ബന്ധത്തിനു വഴങ്ങി വൗച്ചർ ഒപ്പുവെച്ചു. അദ്ദേഹം തന്നെയാണീ വിവരം വെളിപ്പെടുത്തിയതു്.

ശമ്പളം പിടിച്ച ഉത്തരവ് തടഞ്ഞു

കൊച്ചി: ഇലക്ട്രിസിററി ബോർഡ് ജീവനക്കാരുടെ എട്ടു ദിവസത്തെ ശമ്പളം പിടിച്ചു കൊണ്ടുള്ള ഉത്തരവു ഹൈക്കോടതി താൽക്കാലികമായി തടഞ്ഞു.

ബോർഡ് നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ഇലക്ട്രിസിററി വർക്കേഴ്സ് ഫെഡറേഷൻ സിക്രട്ടറി എ. വി. രാജൻ നൽകിയ ഹരജിയിലാണ് ജസ്റ്റിസ് വി. ശിവരാമൻ നായരുടെ സ്റ്റേ.

ആഗസ്റ്റ് 25നു കേരളത്തിൽ നടന്ന ബന്ദിൽ ഇലക്ട്രിസിററി ജീവനക്കാരും പങ്കെടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ്, ജീവനക്കാരുടെ നടപടി അനധികൃതമെന്നു ആരോപിച്ചു കൊണ്ട് എട്ടു ദിവസത്തെ ശമ്പളം ബോർഡ് പിടിച്ചതു്.

ഡൽഹി സാധാരണ നിലയിൽ

ന്യൂഡൽഹി: ഒററപ്പെട്ട അക്രമങ്ങളും വെടിവെപ്പുകളും ഒഴിച്ചാൽ തലസ്ഥാനത്തും മററു സംസ്ഥാനങ്ങളിലും ചൊവ്വാഴ്ചയും സാധാരണ നില തുടർന്നു. ഡൽഹിയിൽ യമുനാ തീരത്ത് സംഘർഷാവസ്ഥ ഇപ്പോഴും തുടരുന്നു.

ഡൽഹിയിലെ പഹർഗഞ്ചിൽ തിങ്കളാഴ്ച, ഒരു പട്ടാളക്കാരനടക്കം മൂന്നു് പേർ കൊല്ലപ്പെട്ടു. നാലു് പേർക്ക് പരിക്കേററു. അക്രമത്തിലേർപ്പെട്ട ജനക്കൂട്ടത്തെ നേരിടാനെത്തിയ രക്ഷാസൈനികർക്കു നേരെ ചില വീടുകളിൽ നിന്നു് വെടിവെപ്പ് നടന്നു.

തീവെപ്പിന്നിരയായ കടകളൊഴിച്ച് മററുള്ളവയെല്ലാം തുറന്നിട്ടുണ്ട്.

മരിച്ചവർ 600

ന്യൂഡൽഹി: ലഹള കാരണം ഡൽഹിയിൽ മരിച്ചവരുടെ എണ്ണം 600 ആണെന്നു് ഔദ്യോഗിക കേന്ദ്രങ്ങൾ അറിയിച്ചു.

കർഫ്യു നീട്ടി

പഞ്ചാബിലെ ഫരീദ്കോട്ട്ജില്ലയിൽ എട്ടു പട്ടണങ്ങളിൽ രാത്രികാലത്തെ കർഫ്യൂ ദീർഘിപ്പിച്ചു. ലുധിയാനാ ജില്ലയിലെ ഖന്ന, ജഗ്രാവ് എന്നിവിടങ്ങളിലും കർഫ്യൂ നീട്ടിയിട്ടുണ്ട്.

മദർ തെരേസ കിഴക്കൻ ഡൽഹിയിലെ ലഹള ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയുണ്ടായി. പ.ബംഗാൾ മുഖ്യമന്ത്രി ജ്യോതിബസു കൽക്കത്തയിലെ ചില ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു.

പഞ്ചാബിൽ സമാധാനം നിലനിർത്തണം

ന്യൂഡൽഹി: 'എന്തുവില കൊടുത്തും' പഞ്ചാബിൽ സമാധാനവും സാമുദായിക മൈത്രിയും നിലനിർത്തണമെന്നു് സുവർണ്ണ ക്ഷേത്രത്തിലെ മുഖ്യ പുരോഹിതൻ ക്രിപാൽസിങ്ങ് രാഷ്ട്രപതിയോടഭ്യർത്ഥിച്ചു.

പഞ്ചാബിൽ ഈ സമയത്ത് അക്രമവും തിരിച്ചടിയും ഉണ്ടായാൽ അതു് ഇന്ത്യയിലെ സിക്കുകാരെ ഗുരുതരമായി ബാധിക്കും. ഡൽഹിയിൽ ഹിന്ദുക്കൾ നമ്മെ രക്ഷിച്ചു. അതുപോലെ പഞ്ചാബിലെ ഹിന്ദുക്കളെയും രക്ഷിക്കണം—സെയിൽസിങ്ങിന്നയച്ച കമ്പി സന്ദേശത്തിൽ ക്രിപാൽസിങ്ങ് പറഞ്ഞു.

രാഷ്ട്രീയ ഇടപെടൽ ഉണ്ടാവില്ല

ന്യൂഡൽഹി: കലാപത്തിനിടയിൽ കൊള്ളയടിക്കപ്പെട്ട സാധനങ്ങൾ വീണ്ടെടുക്കുന്ന നടപടികൾക്കിടയിൽ രാഷ്ട്രീയ ഇടപെടൽ ഉണ്ടാവില്ലെന്നു് പ്രധാനമന്ത്രി രാജീവ് ഗാന്ധി പ്രതിപക്ഷ നേതാക്കൾക്ക് ഉറപ്പ് നൽകി.

കൊള്ള സാധനങ്ങൾ കണ്ടെടുക്കാൻ കർശന നടപടികളെടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നു് ചൊവ്വാഴ്ച വൈകുന്നേരം തന്നെ വന്നു കണ്ട നേതാക്കളോട് പ്രധാനമന്ത്രി പറഞ്ഞു.

ഇന്ദിരാഗാന്ധിയുടെ വധത്തെ തുടർന്നുള്ള അവസ്ഥയെ നേരിടാൻ എല്ലാവരും ഒന്നിച്ചുചേരണമെന്നു് രാജീവ് അഭ്യർത്ഥിച്ചു. കിംവദന്തികൾ പരക്കുന്നതു തടയാൻ ശ്രമിക്കണമെന്നും പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

ഡി. എം. കെ. പി. പ്രസിഡണ്ട് ചരൺസിംഗ്, സി. പി. ഐ. ജനറൽ സെക്രട്ടറി രാജേശ്വർ റാവു, സി. പി. എം. ജനറൽ സെക്രട്ടറി ഇ. എം. എസ്. നമ്പൂതിരിപ്പാട്, കോൺഗ്രസ്സ്–എസ് നേതാവ് കെ. പി. ഉണ്ണികൃഷ്ണൻ, ജനവാദി പാർട്ടി നേതാവ് ചന്ദ്രജിത്ത് യാദവ്, ആർ. എസ്. പി. നേതാവ് ത്രിദീപ് ചൗധരി, ജമ്മുകാശ്മീർ പാന്തേഴ്സ് പാർട്ടി പ്രസിഡണ്ട് ഭീംസിംഗ് എന്നിവരാണ് പ്രധാനമന്ത്രിയെ കാണാനെത്തിയതു്. ജനതാ പാർട്ടിയുടെയും ബി. ജെ. പി.യുടെയും പ്രതിനിധികൾ ആരും ഉണ്ടായിരുന്നില്ല.

ജനതാ പാർട്ടി പ്രസിഡണ്ട് ചന്ദ്രശേഖർ രാഷ്ട്രപതി സെയിൽസിംഗിനെ കണ്ട് ഡൽഹിയിലെ സ്ഥിതിഗതികളെ സംബന്ധിച്ച അദ്ദേഹത്തിന്റെ വിലയിരുത്തൽ അറിയിച്ചു. ദുരിതാശ്വാസ കേന്ദ്രങ്ങളിലെ സജ്ജീകരണങ്ങൾ അപര്യാപ്തമാണെന്നു് ചന്ദ്രശേഖർ രാഷ്ട്രപതിയോട് പറയുകയുണ്ടായി.

ചൗഹാനെതിരെ നടപടി വേണം

ലണ്ടൻ: ഇന്ത്യൻ നേതാക്കളെ അപായപ്പെടുത്താൻ പ്രേരിപ്പിക്കുന്ന തരത്തിലുള്ള പ്രസ്താവനകൾ ഇറക്കിയതിനു ഖലിസ്ഥാൻ നേതാവു് ജഗ്ജിത് സിംഗ് ചൗഹാനെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നു് ഇന്ത്യാ ഗവർമ്മെണ്ട് ബ്രിട്ടനിലെ ഭരണകൂടത്തോട് ശക്തിയായി ആവശ്യപ്പെട്ടിരിക്കുന്നു.

ചൗഹാന്റെ ഏററവും ഒടുവിലത്തെ പ്രസ്താവനകളിലേക്ക് ശ്രദ്ധ ക്ഷണിച്ചു കൊണ്ട് ഇന്ത്യൻ ഹൈക്കമ്മീഷൻ, ബ്രിട്ടനിലെ വിദേശമന്ത്രികാര്യാലയത്തിനു് കത്തയച്ചിട്ടുണ്ട്.

പുതിയ പ്രധാനമന്ത്രി രാജീവ് ഗാന്ധി സ്ഥാനമേററ ഉടനെ, അദ്ദേഹത്തിനെതിരെ ഖലിസ്ഥാൻ കമാണ്ടോകൾ എന്ന ഒളിപ്പോർ വിഭാഗം ആഞ്ഞടിക്കുമെന്നു ചൗഹാൻ താക്കീതു നൽകിയതായി ബ്രിട്ടനിലെ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ലണ്ടനിൽ തിങ്കളാഴ്ച, ഒരു പത്രത്തിൽ പ്രസിദ്ധീകരിച്ച അഭിമുഖത്തിൽ ഈ താക്കീതു് ചൗഹാൻആവർത്തിച്ചിട്ടുമുണ്ട്.

ബ്രിട്ടനിലെ സിക്ക് തീവ്ര വാദികളുടെ നേരെ, താച്ചർ ഭരണകൂടം കർശന നടപടികൾ സ്വീകരിക്കുമെന്നാണ് സൂചനകൾ.

കോൺ-ഐക്ക് ജയം

ന്യൂഡൽഹി: കേന്ദ്രഭരണ പ്രദേശമായ മിസോറാമിൽ ഈ വർഷം നടാടെ അധികാരത്തിൽ വന്ന കോൺഗ്രസ് (ഐ) അവിടെ നടന്ന വില്ലേജ് കൗൺസിൽ തിരഞ്ഞെടുപ്പിൽ സീററുകൾ തൂത്തുവാരിയതായി മുഖ്യമന്ത്രി ലാൽ തൻഹവാല പറഞ്ഞു.

അസ്വാം ജില്ലയിൽ ഫലം പ്രഖ്യാപിച്ച 229 സീററുകളിൽ 176 എണ്ണം കോൺഗ്രസ്സ് (ഐ) നേടി. മുൻ മുഖ്യമന്ത്രി ബ്രിഗേഡിയർ സൈലോയുടെ പീപ്പിൾസ് കോൺഫറൻസ് 19 സീററുകൾ നേടി രണ്ടാം സ്ഥാനത്ത് നിൽക്കുന്നു. ലുങ്ലി ജില്ലയിൽ കോൺഗ്രസ്സ് (ഐ) 76–ൽ 56 സീററ് നേടി.

ഇടതുമുന്നണി സീററ് വിഭജന ചർച്ച തുടങ്ങി

രാഷ്ട്രീയ ലേഖകൻ

തിരുവനന്തപുരം: ലോകസഭാ തിരഞ്ഞെടുപ്പ് നേരിടുന്നതിനുള്ള തന്ത്രങ്ങളെക്കുറിച്ച് പ്രതിപക്ഷകക്ഷികളുടെ നേതാക്കൾ തിരുവനന്തപുരത്ത് ചൊവ്വാഴ്ച ദീർഘനേരം ചർച്ച നടത്തി.

നേരത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സ്റ്റിയറിംഗ് കമ്മിററി യോഗം നടന്നു. മുന്നണി ഏകോപന സമിതി കൺവീനർ പി. വി. കുഞ്ഞിക്കണ്ണൻ, വി. എസ്. അച്യുതാനന്ദൻ, പി. കെ. വാസുദേവൻ നായർ, വെളിയം ഭാർഗ്ഗവൻ, എ. വി. അബ്ദുറഹിമാൻ ഹാജി, പി. വിശ്വംഭരൻ, ബേബി ജോൺ, പി. സി. ചാക്കോ, നീലലോഹിതദാസ്, എ. സി. ഷൺമുഖദാസ് എന്നിവരാണ് കമ്മിററി യോഗത്തിൽ സംബന്ധിച്ചിരുന്നതു്.

ലോകസഭാ തിരഞ്ഞെടുപ്പിൽ സീററുകളുടെ വിഭജനം സംബന്ധിച്ചായിരുന്നു ചർച്ചയെന്നറിയുന്നു. ആകെയുള്ള 20 ലോകസഭാ സീററുകളിൽ ആറെണ്ണം മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടി ജയിച്ചതാണ്. ഒററപ്പാലം, മുകുന്ദപുരം, കോഴിക്കോട്, ഇടുക്കി, കാസർകോട്, ആലപ്പുഴ എന്നിവയാണവരുടെ സീററുകൾ. പൊന്നാനിയും മഞ്ചേരിയും ഇപ്പോഴും യൂനിയൻ മുസ്ലിം ലീഗിന്റെ സീററുകളാണ്. അതു രണ്ടും അഖിലേന്ത്യാ ലീഗിന്നു വിട്ടുകൊടുത്തേക്കും. കൊല്ലം സീററ് ആർ. എസ്. പി.ക്കും നൽകാനിടയുണ്ട്. തിരുവനന്തപുരം സീററ് നീലലോഹിതദാസിന്നു തന്നെ.

സി. പി. ഐ. സ്ഥാനാർത്ഥികൾ കഴിഞ്ഞ തവണ ജയിച്ച അടൂർ, തൃശ്ശൂർ സീററുകൾ ഇത്തവണയും അവർക്ക കിട്ടും. ശേഷിക്കുന്ന എട്ടു സീററുകളാണ്. അതിൽ വടകര കോൺഗ്രസ് (എസ്)ന്റെ സീററാണ്. കഴിഞ്ഞ തവണ കോൺഗ്രസ് (എസ്) മത്സരിച്ച സീററുകളെല്ലാം അവർ ആവശ്യപ്പെടാതിരിക്കില്ല. പിന്നെയുള്ള പ്രശ്നം കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പിൽ പ്രതിപക്ഷമുന്നണിക്കെതിരായി മത്സരിച്ച ജനതാ പാർട്ടിയുടേതാണ്. അവർ ഇപ്പോൾ പ്രതിപക്ഷ മുന്നണിയിലെ ശക്തമായ ഒരു ഘടകമാണ്. അവർക്ക മൂന്നു സീററുകളെങ്കിലും കിട്ടണമെന്നുണ്ട്. ആ സീററുകൾ ഏതെന്നു നിശ്ചയിക്കുകയാണ് കാര്യം. അതുസംബന്ധിച്ച അവസാന തീരുമാനമൊന്നും ചൊവ്വാഴ്ചത്തെ ചർച്ചയിലുണ്ടായിട്ടില്ലെന്നാണറിയുന്നതു്. ചർച്ച ഇനിയും തുടരും.

നിങ്ങളുടെ
വിരൽത്തുമ്പിനഗ്രത്ത്
സേവന നിരതമായി
ഒരു സ്ഥാപനം

ശാഖകളും ഫോൺ നമ്പരും
തിരുവനന്തപുരം 65144
വർക്കല 509
തിരുവല്ല 2018 (P.P.)
കോട്ടയം 5133 (P.P.)
എറണാകുളം ടൗൺ 34892 (P.P.)
കോഴിക്കോട് 73985
കൊല്ലം 7559

ലാ–ബെല്ലാ
ഫിനാൻസിയേഴ്സ്
പാലാരിവട്ടം, കൊച്ചിൻ-25 ഫോൺ: 84443